തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):* ഭേദഗതി സ്വീകാര്യമല്ല. ശ്രീ. ജോസഫ്. എം. പുതുശ്ശേരി അവതരിപ്പിച്ച 73-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):* സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 2004-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):* സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 2004-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

[അദ്ധ്യക്ഷവേദിയിൽ മി. ചെയർമാൻ ശ്രീ. പി. ജെ. ജോയി]

(5) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 2005-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2005-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നേരത്തെ ഇവിടെ ഞങ്ങളുടെ രണ്ട് മെമ്പർമാർ ശ്രീ. എം. വി. ജയരാജനും ശ്രീ. എ. കെ. ബാലനും സംസാരിച്ച കാര്യങ്ങൾ ആവർത്തിക്കുകയല്ല, അതിൽ ഒന്നുരണ്ട് വിശദാംശം അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകാനും ചിലത് ഈ ബില്ലിന്റെ ചർച്ചയിൽ അംഗീകരിക്കാനുംവേണ്ടി കൂടിയാണ് ഞാൻ ഒന്നുരണ്ട് കാര്യങ്ങൾ സൂചിപ്പിക്കുന്നത്. സുപ്രീംകോടതിയിലുണ്ടായ കേസിൽ സുപ്രീംകോടതി ചൂണ്ടിക്കാണിക്കാത്ത അല്ലെങ്കിൽ പറയാത്ത കാര്യമാണ്. നിയമസഭയിലേക്കും പാർലമെന്റിലേക്കും

LIBRARY ARCHIVES Kerala Legislative Assembly

നടക്കുന്ന തെരഞ്ഞെടുപ്പിലേക്ക് സ്ഥാനാർത്ഥികളുടെ നോമിനേഷൻ പേപ്പർ കൊടുക്കുമ്പോൾ അതിന്റെ അഫിഡവിറ്റ് കൊടുക്കേണ്ട കാര്യങ്ങളെ സംബന്ധിച്ചാണ് പറയുന്നത്. പഞ്ചായത്ത് ഇലക്ഷനെ സംബന്ധിച്ച് പറഞ്ഞാൽ കേരളത്തിൽ 10-15,000 വാർഡുകൾ ഉണ്ട്. അതിൽ വളരെയധികം റിസർവേഷൻ വാർഡുകളും വളരെയധികം സ്ഥാനാർത്ഥികളുമുണ്ട്, ഓരോ വാർഡിലും അഞ്ചും പത്തും സ്ഥാനാർത്ഥികളാണ് മത്സരിക്കുക. അങ്ങനെയുള്ള ഒരു തെരഞ്ഞെടുപ്പ് പ്രക്രിയയിൽ ഈപറയുന്ന രീതിയിലുള്ള ഫാറത്തിൽ നാമനിർദ്ദേശപത്രികയ്ക്കൊപ്പം അയാളുടെ വിദ്യാഭ്യാസ യോഗ്യത, നാമനിർദ്ദേശപത്രിക സമർപ്പിക്കുന്ന സമയത്ത് അയാൾ ഉൾപ്പെട്ടിട്ടുള്ള ക്രിമിനൽ കേസുകൾ, അയാളുടെയും അയാളുടെ കുടുംബത്തിലെ മറ്റംഗങ്ങളുടെയും പേരിലുള്ള സ്വത്ത്, ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിനോ സർക്കാരിനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ നൽകേണ്ട കുടിശ്ശിക, കൂറുമാറ്റ നിയമമനുസരിച്ചുള്ള കാര്യങ്ങളുണ്ടെങ്കിൽ അത്, തുടങ്ങിയ എല്ലാ വിവരങ്ങളും ചേർത്ത് നോമിനേഷൻ കൊടുക്കണമെന്നുപറഞ്ഞാൽ അത് ജനാധിപത്യ പ്രക്രിയയെ തടസ്സപ്പെടുത്തുന്ന ഒന്നാണ്. ഒരു തെരഞ്ഞെടുപ്പ് എന്നുപറയുമ്പോൾ ഏറ്റവും ലളിതമായ, നോമിനേഷൻ പേപ്പർപോലും വളരെ ലളിതവൽക്കരിക്കണമെന്നാണ് സുപ്രീംകോടതിയുടെ വരെ ചില വിധികളിലൊക്കെ പറഞ്ഞിട്ടുള്ളത്. ഒരു വിദ്യാഭ്യാസവുമില്ലാത്ത ആൾക്കും മത്സരിക്കണമല്ലോ. ചിലപ്പോൾ സാക്ഷരതയില്ലാത്ത ആളുകളും മത്സരിച്ചു എന്നുവരുമല്ലോ. ഏറ്റവും എളുപ്പത്തിൽ ലളിതമായിരിക്കേണ്ടതിനുപകരം നോമിനേഷൻ പേപ്പറിൽ ആവശ്യമില്ലാത്ത പേജുകളൊക്കെ കൂട്ടിച്ചേർത്ത് നോമിനേഷൻ പേപ്പർ പൂരിപ്പിക്കാൻപോലും പറ്റാത്ത ഒരു അവസ്ഥ ഉണ്ടാകാൻ പാടില്ല. ഇതിലൊക്കെ തടസ്സങ്ങളും ബുദ്ധിമുട്ടുകളുമുണ്ടാകാൻ പാടില്ല എന്നാണ് കോടതി പറഞ്ഞിരിക്കുന്നത്. ബീഹാറിലും യു.പി.യിലുമൊക്കെ വളരെയധികം ക്രിമിനൽസും ശിക്ഷിക്കപ്പെട്ടവരും കൊലക്കേസിൽ പ്രതികളായവരുമൊക്കെ തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും ജയിക്കുകയുമൊക്കെ ചെയ്യുന്ന ഒരു പശ്ചാത്തലത്തിലാണ് സുപ്രീംകോടതി ഇതു പറഞ്ഞിട്ടുള്ളത്. സുപ്രീം കോടതി അസംബ്ലി തെരഞ്ഞെടുപ്പിന്റെ കാര്യത്തിൽവരെ പറഞ്ഞിട്ടുള്ളതിനു വിരുദ്ധമായി ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി, ഇവിടെ 10-15,000 വാർഡുകളിലെ ഇലക്ഷനിലേക്ക് ഈ പറയുന്ന എല്ലാ കാര്യങ്ങളും ചേർക്കണമെന്ന് നിർബന്ധിക്കുന്നത് എന്തിനാണ്? അതുകൊണ്ട് ഏതെങ്കിലും ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെട്ട ആരെങ്കിലുമുണ്ടെങ്കിൽ ആ ശിക്ഷയുടെ കാര്യം പറയുക എന്നല്ലാതെ ഏതൊക്കെ കേസിൽ ആരൊക്കെ ഉൾപ്പെട്ടിട്ടുണ്ടെന്ന് എഴുതണമെന്നുവന്നാൽ അത് കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കും. എത്രയോ കേസുകൾ പലരുടേയും പേരിലുണ്ട്. പോലീസിന് ഒരു കേസ് ചാർജ് ചെയ്യാൻ എന്തെങ്കിലും തടസ്സമുണ്ടോ? ഒരു ജാഥയ്ക്കു പോയാൽ കേസല്ലേ? ഒരു പ്രകടനത്തിൽ പങ്കെടുത്താൽ കേസ് വരും. ഞാനൊരു ഉദാഹരണം പറയാം. ശ്രീ. രമേശ് ചെന്നിത്തല കെ.പി.സി.സി. പ്രസിഡന്റായി

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം എയർപോർട്ടിൽ വന്നിറങ്ങി. ശ്രീ. ഡൊമിനിക് പ്രസന്റേഷനും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. അടൂർ പ്രകാശുമൊക്കെ അദ്ദേഹത്തെ സ്വീകരിക്കാൻ പോയി. നിങ്ങൾ ആ റൺവേയുടെ അടുത്തുപോയി ശ്രീ. രമേശ് ചെന്നിത്തലയെ വലിയ തമിഴ്നാട് സ്റ്റൈലിലുള്ള ഹാരമൊക്കെ അർപ്പിച്ച് ആനയിച്ചുകൊണ്ടുവരികയാണ്. പുറത്ത് അനുയായികൾ ആവേശത്തള്ളിച്ചകൊണ്ടോ വേറെ ഏതെങ്കിലും തരത്തിലുള്ള എന്തെങ്കിലും സ്പിരിറ്റുകൊണ്ടോ അവർ വല്ലാതെ തള്ളി ആ എയർപോർട്ടിൽ ..... (ബഹളം) ..... സ്പിരിറ്റല്ല, inspiration. സ്പിരിറ്റ് എന്നുപറഞ്ഞാൽ അർത്ഥം മാറി, ക്ഷമിക്കണം ..... (ബഹളം) ..... ഞാൻ പറയട്ടെ, ഞാൻ ആ സ്പിരിറ്റ് എന്നുപറഞ്ഞത് പിൻവലിച്ചു. ആവേശം എന്നുള്ള അർത്ഥത്തിലാണ് പറഞ്ഞത് ഒരു inspiration. ..... (ബഹളം) .....

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ):* സർ, ബഹുമാനപ്പെട്ട കെ.പി. രാജേന്ദ്രൻ, ഞങ്ങളുടെ കെ.പി.സി.സി. പ്രസിഡന്റ് തിരുവനന്തപുരം എയർപോർട്ടിൽ വന്നപ്പോൾ ഞങ്ങളെല്ലാവരും ഉണ്ടായിരുന്നതാണ്. വളരെയേറെ ജനങ്ങൾ, പാർട്ടിയിലെ പ്രവർത്തകന്മാർ വളരെ ആവേശത്തോടുകൂടി സ്വീകരിക്കാൻ വന്നിട്ടുണ്ട്. അതിനെ ദുസ്സൂചനയോടുകൂടി കാണുന്ന അങ്ങയുടെ സമീപനം ശരിയല്ല. ഈ പാർട്ടിയിൽ ആളുള്ളതുകൊണ്ടാണ് അങ്ങ് ഇങ്ങനെ പറയുന്നത്. അങ്ങയുടെ നിയോജകമണ്ഡലംകൂടി ഉൾപ്പെടുന്ന തൃശ്ശൂരിൽ നല്ല ആൾക്കൂട്ടമായിരുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: ശ്രീ. രമേശ് ചെന്നിത്തല ഞങ്ങളുടെയൊക്കെ ബഹുമാന്യ സുഹൃത്തും ഞങ്ങൾ ഒന്നിച്ചു പഠിച്ചവരും അദ്ദേഹം കെ.പി.സി.സി. പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടുവന്നപ്പോൾ ഞങ്ങളൊക്കെ അഭിനന്ദിച്ച ആളുകളുമാണ്. ഞാൻ പറഞ്ഞ പോയിന്റ് നിങ്ങൾ ശ്രദ്ധിച്ചില്ല. ഞാൻ പറഞ്ഞ പോയിന്റ് നിങ്ങൾ സ്വീകരിച്ച നല്ല അർത്ഥത്തിൽ വമ്പിച്ച ആൾക്കൂട്ടമായി ശ്രീ. വി.ഡി. സതീശന്റേയുമൊക്കെ നേതൃത്വത്തിൽ കൊണ്ടുവരികയാണ്. പുറത്ത് പ്രവർത്തകർ അവിടെ കുഴപ്പങ്ങളുണ്ടായി എന്ന് പത്രങ്ങളിലൊക്കെ വാർത്ത വന്നല്ലോ, ടി.വി.യിലുമൊക്കെ വന്നല്ലോ ..... (ബഹളം) ..... ഇവിടെ പത്രങ്ങളിൽ അച്ചടിച്ചുവന്നതാണ്. നിങ്ങൾ ചെയ്തു എന്നല്ല, ആളുകളുടെ ബാഹുല്യംകൊണ്ട് അവിടെ വളരെയധികം പ്രശ്നങ്ങളുണ്ടായി. ആ സമയത്ത് പോലീസ് ഒരു കേസ് ചാർജ് ചെയ്താൽ ആ കേസിൽ വേണമെങ്കിൽ നിങ്ങളെയുൾപ്പെടെ പ്രതികളാക്കാം ..... (ബഹളം) .....

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, നമ്മൾ രാഷ്ട്രീയ പാർട്ടികളിൽ പ്രവർത്തിക്കുന്ന ആളുകളല്ലേ? നമ്മുടെ പാർട്ടിയുടെ നേതാക്കന്മാർ വരുമ്പോൾ അവിടെയെല്ലാം ധാരാളം ആളുകൾ കൂടില്ലേ? ഞങ്ങളുടെ പാർട്ടി കുറച്ച് കൂടുതൽ ആളുകളുള്ള പാർട്ടിയാണ്, സ്വാഭാവികമായിട്ടും അതിന്റെ വർദ്ധനവുണ്ടാകുകയും ചെയ്യും. അതിനിങ്ങനെ അസൂയപ്പെട്ട് പറയേണ്ട കാര്യമില്ല. ഇനി അടുത്തപ്രാവശ്യം

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ ആളെ കുറയ്ക്കണമെന്നാണോ? ഞങ്ങളുടേത് കൂടുതലാളുള്ള പാർട്ടിയായിപ്പോയി, ഞങ്ങൾക്ക് എന്തുചെയ്യാൻ പറ്റും?

ശ്രീ. കെ. പി. രാജേന്ദ്രൻ: നിങ്ങൾക്ക് വേദനയുണ്ടായെങ്കിൽ ക്ഷമിക്കുക.

ശ്രീ. എം. എം. ഹസ്സൻ: സർ, ശ്രീ. കെ. പി. രാജേന്ദ്രൻ ഞങ്ങളുടെ നല്ലൊരു സുഹൃത്താണ്. അങ്ങ് സി.പി.ഐ.യുടെ നിയമസഭാകക്ഷി നേതാവായപ്പോൾ ചേർപ്പിലും തൃശ്ശൂരിലുമുള്ള സി.പി.ഐ.ക്കാർക്കുണ്ടായ അതേ സ്പിരിറ്റാണ് ശ്രീ. രമേശ് ചെന്നിത്തല വന്നപ്പോൾ ഞങ്ങളുടെ പ്രവർത്തകർക്കും ഇവിടെ ഉണ്ടായത്. അതറിയാമോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: ആ സ്പിരിറ്റ് എന്നുള്ള വാക്ക് തെറ്റിദ്ധരിച്ചതിനാൽ ഞാൻ പിൻവലിച്ചല്ലോ. ഞാൻ ഉദ്ദേശിച്ചത് ആവേശം എന്നാണ്. എന്റെ പോയിന്റ് ക്ലീയറായി കേൾക്കൂ, കേസ് പറയണമെങ്കിൽ പോലീസിന് കേസ് ചാർജ് ചെയ്യണമെങ്കിൽ, ക്രിമിനൽ കേസ് ചാർജ് ചെയ്യണമെങ്കിൽ, ഐ.പി.സി. അനുസരിച്ചും സി.ആർ.പി.സി. അനുസരിച്ചും കേസ് ചാർജ് ചെയ്യണമെങ്കിൽ ഘോഷയാത്രയിൽ പങ്കെടുത്താൽ മതി. ആ ഘോഷയാത്രയുടെ ഏതെങ്കിലും ഭാഗത്ത് ആരെങ്കിലും എന്തെങ്കിലും ചെയ്താൽ കേസിൽ പ്രതികളാകും അതുകൊണ്ടാണ് പറയുന്നത്. കേസിൽ പ്രതികളാക്കി ചാർജ് ഷീറ്റ് കൊടുക്കാം.

ശ്രീ. എം. എം. ഹസ്സൻ: സർ, പൊതുസ്ഥലത്തുനിന്നും മറ്റുള്ളവർ കാൺകെ മൂത്രമൊഴിച്ചാലും കേസ് എടുക്കാം, അതറിയാമോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: ശരി, ഞാൻ അതുംകൂടി അംഗീകരിച്ചു. അതുകൊണ്ട് ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി കൊണ്ടുവന്ന ഭേദഗതി അനുസരിച്ച് ആരുടെ പേരിൽ എവിടെ കേസുണ്ടായാലും അതൊക്കെ നോമിനേഷൻ കൊടുക്കുമ്പോൾ ആ ഫാറത്തിൽ പൂരിപ്പിക്കണമെന്നുപറയുന്നു. എന്തിനാണ് അങ്ങനെ വയ്ക്കുന്നത്? മറിച്ച് ശിക്ഷിച്ചു എന്ന് വച്ചോളൂ, ഞാൻ അത്രയേ പറഞ്ഞിട്ടുള്ളൂ. ഞാൻ ആ സ്പിരിറ്റ് എന്നുപറഞ്ഞതാണ് അബദ്ധമായത്. ..... (ബഹളം) ..... ഞാനത് പിൻവലിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇവിടെയിപ്പോൾ സ്പിരിറ്റെന്നു കേൾക്കുമ്പോൾ ഈ കോൺഗ്രസ്സുകാർ ചാടേണ്ട കാര്യമെന്താണ്? സ്പിരിറ്റെന്നു പറയുമ്പോൾ നിങ്ങൾ ചാടുകയാണ്. ചന്ദനമെന്നു കേൾക്കുമ്പോൾ ലീഗുകാർ ചാടുകയാണ്. ഫുട്ബോൾ എന്നുപറഞ്ഞാലും അവർ ചാടിയെഴുന്നേൽക്കുകയാണ്. ഇതെന്തൊരു സ്ഥിതിയാണ് ഇവിടെ കണ്ടുകൊണ്ടിരിക്കുന്നത്? ..... (ബഹളം) ..... എന്തിനാണ് ഇങ്ങനെ ചെയ്യുന്നത്?

ശ്രീ. കെ. പി. രാജേന്ദ്രൻ: അങ്ങനെ പോലീസ് കേസിൽ പ്രതിയായി ചാർജ്ജ് ചെയ്തിട്ടുള്ളത് ഉൾപ്പെടുത്തേണ്ട കാര്യമില്ല. ശിക്ഷിച്ചത് ഉൾപ്പെടുത്തിക്കൊള്ളൂ. സുപ്രീംകോടതിയുടെ ഡയറക്ഷൻ അനുസരിച്ച് രണ്ടു കൊല്ലത്തിൽ കൂടുതൽ ശിക്ഷിക്കുക. അതു ഉൾപ്പെടുത്തുക. പഞ്ചായത്ത്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇലക്ഷനിൽ നമ്മുടെ ഒരുപാടുപ്രവർത്തകർ പല കേസുകളിലും പെടാറുണ്ട്. അവരൊക്കെ അഫിഡവിറ്റ് കൊടുക്കണം. നോട്ടറിയുടെ അടുത്തുപോയി പേപ്പറൊക്കെ റെഡിയാക്കിക്കൊടുക്കണമെന്നുള്ളത് ഒഴിവാക്കണം. രണ്ടാമത്തേത് സ്വത്ത് കൊടുക്കുന്നത്, കുടുംബത്തിന്റെ സ്വത്ത് എന്നുപറയുമ്പോൾ, അതിനൊരു നിർവ്വചനമില്ല. ആരുടെയൊക്കെ സ്വത്ത്? സ്ഥാനാർത്ഥി പുരുഷനാണെങ്കിൽ അയാളുടെ ഭാര്യ, മക്കൾ. സ്ത്രീയാണ് കൊടുക്കുന്നതെങ്കിൽ അവരുടെ ഭർത്താവ്, പ്രായപൂർത്തിയാകാത്ത മക്കൾ ഇതല്ലേ ഒരു കുടുംബം? അവർക്ക് അവരുടെ ചേട്ടൻ, അനിയത്തി ഇവരൊക്കെയുണ്ടാകും. ഇതിലെ നിർവ്വചനം അനുസരിച്ച്, അവരുടെ കൂട്ടുകുടുംബത്തിൽ ഉണ്ടാകുന്നതുപോലെ ഒരുപാടു ബ്രദേഴ്സുണ്ടാകുകയാണെങ്കിൽ അവരുടെയൊക്കെ സ്വത്ത്, സ്ഥാനാർത്ഥിയാകാൻ പോകുന്നയാൾ കൊടുക്കണം. അപ്പോൾ ഒരു നോമിനേഷൻ കൊടുക്കുക എന്നുള്ളത് എത്ര പ്രയാസമായിരിക്കും. ഇപ്പോൾ ഇതു പാസ്സാക്കിയാൽ അടുത്ത ഇലക്ഷനിൽ നോമിനേഷൻ കൊടുക്കണമെങ്കിൽ സ്ഥാനാർത്ഥികൾ ഇപ്പോഴേ ഈ വിവരങ്ങൾ ശേഖരിച്ചുതുടങ്ങണം. ചേട്ടത്തി-അനിയത്തിമാരുടെ കുടുംബസ്വത്ത് കണ്ടുപിടിക്കാനുള്ള ശ്രമം. ഇതൊക്കെ ഒഴിവാക്കാൻ വേണ്ടിയാണ് അല്പം വിശദീകരിച്ചുപറഞ്ഞത്. മൂന്നാമത്തേതു കുടിശ്ശികയെ സംബന്ധിച്ചാണ്. സ്ഥാനാർത്ഥി മൽസരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനം ഏതാണ്? തിരുവനന്തപുരം കോർപ്പറേഷനിലാണ് മൽസരിക്കുന്നതെങ്കിൽ അവിടെ കുടിശ്ശിക വല്ലതുമുണ്ടോ? ഉണ്ടെങ്കിൽ അതു ഉൾപ്പെടുത്തണം. അല്ലെങ്കിൽ അയാൾ താമസിക്കുന്ന പ്രദേശത്തെ ഏതൊക്കെ പൊതുമേഖലാ ബാങ്കുകളിൽ, പൊതുമേഖലാ സ്ഥാപനങ്ങളിൽ, ധനകാര്യ സ്ഥാപനങ്ങളിൽ അയാൾക്കും അയാളുടെ കുടുംബാംഗങ്ങൾക്കും എന്തെങ്കിലും ബാദ്ധ്യതകൾ ഉണ്ടെങ്കിൽ അതിന്റെയൊക്കെ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നു പറഞ്ഞാൽ, അതുസംബന്ധിച്ച രേഖകൾ ഈ പറയുന്ന ഫോറത്തിൽ പൂരിപ്പിക്കണമെന്നു പറഞ്ഞാൽ, നോമിനേഷൻ കൊടുക്കാൻ വളരെ ബുദ്ധിമുട്ടായിരിക്കും. കേരളത്തിലെ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികൾക്ക് അവരുടെ നോമിനേഷൻ കൊടുക്കുന്നതുസംബന്ധിച്ച് പ്രയാസങ്ങൾ ഉണ്ടാകും. തെരഞ്ഞെടുപ്പിൽ മൽസരിക്കാനുള്ള ഒരു സമ്മതിദായകന്റെ അവകാശത്തിന്മേൽ തടസ്സം സൃഷ്ടിക്കലാണ് ഇത്. ഏതൊക്കെ ഒഴിവാക്കാൻ പറ്റുമെന്ന് നിങ്ങൾ ആലോചിക്കണം. തർക്കം വേണ്ട. ഒന്നു സഹായിക്കുക. മിനിസ്റ്റർകൂടി യോജിക്കുക. ലഘൂകരിക്കുക. നോമിനേഷൻ കൊടുക്കുന്ന പ്രക്രിയ നല്ല രീതിയിലാകണം. ശ്രീ. എം. എം. ഹസ്സന്റെ പ്രസംഗം വളരെ ആവേശകരമായ പ്രസംഗമായിരുന്നല്ലോ. സി. ആന്റ് എ. ജി. യുടെ റിപ്പോർട്ട് നമ്മുടെ എൽ.എഫ്.എ. കമ്മിറ്റി പരിശോധിച്ചു. ശ്രീ. എം. എം. ഹസ്സനും ഞാനും അതിൽ അംഗങ്ങളാണ്. ശ്രീ. എം. മുരളി അദ്ധ്യക്ഷനായ കമ്മിറ്റിയാണ്. മണിക്കൂറുകളോളം അതു കൂടുന്നുണ്ട്. ആ കമ്മിറ്റി പരിശോധിക്കുന്ന സമയത്ത് എന്താണ് അവിഹിതമായി കേട്ടത്? അതിൽ എൽ.ഡി.എഫ്., യു.ഡി.എഫ്. എന്നുള്ള വ്യത്യാസമില്ലല്ലോ? ഞാൻ ഒരു ഉദാഹരണം ശ്രീ. എം. എം. ഹസ്സന്റെ

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിൽപ്പെടുത്തുകയാണ്. ആ റിപ്പോർട്ടിൽ പേജ് 32, 33, 34, 35 ഞാൻ ഉൾപ്പെടുന്ന പ്രദേശത്തെ കാര്യമാണ്, തൃശ്ശൂർ കോർപ്പറേഷൻ. ഞാൻ അവിടത്തെ വോട്ടറാണ്. ആ തൃശ്ശൂർ കോർപ്പറേഷനെക്കുറിച്ചു ശ്രീ. എം. എം. ഹസ്സൻ ഒന്നു വായിച്ചുനോക്കൂ. തൃശ്ശൂർ കോർപ്പറേഷനെ സംബന്ധിച്ചുള്ള സി. ആന്റ് എ. ജി.-യുടെ ആഡിറ്റ് റിപ്പോർട്ട്, തൃശ്ശൂർ കോർപ്പറേഷന്റെ ഏതു പദ്ധതിയെക്കുറിച്ചുള്ളതാണെന്നറിയാമോ? മാലിന്യ സംസ്കരണമെന്നു പറയുന്ന അവിടത്തെ വിഷയം എത്രയോ വർഷങ്ങളായി ഉള്ളതാണ്. നമ്മുടെ ബഹുമാനപ്പെട്ട സ്പീക്കർ അവിടെ താമസിച്ചിരുന്നതാണല്ലോ. ആ പ്ളാന്റുമായി ബന്ധപ്പെട്ട് അവിടെ നടക്കുന്ന സമരവും പ്രക്ഷോഭവുമൊക്കെ നിങ്ങൾക്ക് അറിയില്ലേ? തൃശ്ശൂർ കോർപ്പറേഷൻ നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ച്, സി. ആന്റ് എ. ജി. യുടെ റിപ്പോർട്ട്, 11.8 ലക്ഷം രൂപയുടേത്, ഇതിലെല്ലാം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിന്റെ അർത്ഥം, ജനകീയാസൂത്രണപ്രവർത്തനത്തിന്റെ ഭാഗമായി അല്ലെങ്കിൽ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ആ കോർപ്പറേഷനിൽ മുഴുവൻ തട്ടിപ്പും വെട്ടിപ്പും നടന്നു എന്നാണോ? തൃശ്ശൂർ കോർപ്പറേഷൻ ഭരിക്കുന്നത് യു.ഡി.എഫ്. ആണ്. ആഡിറ്റ് ഒബ്സർവേഷനിൽ യു.ഡി.എഫ്., എൽ.ഡി.എഫ്. എന്നൊന്നില്ല. പഞ്ചായത്ത് – മുനിസിപ്പാലിറ്റി – കോർപ്പറേഷൻ ഭരണത്തിൽ, തുടക്കത്തിൽ ഉണ്ടായ ചില ലാപ്സുകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതു പരിഹരിച്ച്, കറക്ടു ചെയ്ത് ആ ഭരണ സമിതികളെ കൂടുതൽ ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ ആവശ്യമായ റെക്കമെന്റേഷൻസ് .....

ശ്രീ. എം. എം. ഹസ്സൻ: ജനകീയാസൂത്രണത്തെക്കുറിച്ച് ഞങ്ങളുടെ പാർട്ടി പറഞ്ഞ കാര്യങ്ങളാണ് സി. ആൻറ് എ. ജി. ശരിവച്ചത് എന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: അതിനെ സംബന്ധിച്ച് അന്തരിച്ച പി. കെ. വാസുദേവൻ നായർ പറഞ്ഞതും ശ്രീ. എം. എം. ഹസ്സൻ ഇവിടെ ചൂണ്ടിക്കാണിച്ചതും ശരിയാണ്. ഇതിലെ പോരായ്മകൾ പരിഹരിക്കണം. വീഴ്ചകളില്ലാതെ നോക്കണം. ജനകീയാസൂത്രണവും, അധികാര വികേന്ദ്രീകരണവുംമൂലം വിപ്ലവകരമായ ഒരു പരിവർത്തനം നമ്മുടെ സംസ്ഥാനത്തു മുഴുവൻ നടക്കുകയാണ് അതിലെ പോരായ്മകൾ പരിഹരിച്ചു മുന്നോട്ടു പോകണം. നമ്മുടെ ഗ്രാമപഞ്ചായത്തുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ എങ്ങനെയൊക്കെ സഹായിക്കാം, എങ്ങനെ സപ്പോർട്ടു ചെയ്യാം, എങ്ങനെ ശരിയായ രീതിയിൽ ഭരണം മുന്നോട്ടു കൊണ്ടുപോകാം, എങ്ങനെ അധികാര വികേന്ദ്രീകരണത്തെ യാഥാർത്ഥ്യമാക്കാം എന്നുള്ള കാര്യങ്ങളിൽ നമുക്ക് യോജിച്ച് തീരുമാനമെടുക്കാം. ജനങ്ങളുടെ ആഗ്രഹമനുസരിച്ച് അതിനെ വിപുലപ്പെടുത്തിക്കൊണ്ടുപോകാൻ ശ്രമിക്കുക. അതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നതോടൊപ്പം പോരായ്മകൾ ചൂണ്ടിക്കാണിച്ചാൽ, അത് പരിഹരിച്ച് അതനുസരിച്ച് പ്രവർത്തിക്കാം. എന്റെ ഈ ഭേദഗതിയിലെ ചില മാറ്റങ്ങൾ അംഗീകരിക്കേണ്ടതാണ്. മാറ്റങ്ങളെല്ലാം നിഷേധിച്ചു പോകരുത്. ചിലതു അംഗീകരിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2005-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):* സർ, സുപ്രീംകോടതിയുടെ വിധിയെത്തുടർന്ന് ഇലക്ഷൻ കമ്മിഷൻ ഗവൺമെന്റിന് നൽകിയ നിർദ്ദേശപ്രകാരമാണ് ഈ ബിൽ ഇവിടെ കൊണ്ടുവന്നത്. ചില അംഗങ്ങൾ തെറ്റിദ്ധരിച്ചിരിക്കുന്നത് ഇതും ഡിസ്ക്വാളിഫിക്കേഷനുമായി ബന്ധമുണ്ടെന്നാണ്. ഡിസ്ക്വാളിഫിക്കേഷനും ഇതുമായി യാതൊരു ബന്ധവുമില്ല. ചില സംഗതിയെക്കുറിച്ച് ജനങ്ങൾ അറിയണം എന്നുള്ള ഒരു ഉദ്ദേശത്താലാണ് സുപ്രീംകോടതി ഈ വിധി പുറപ്പെടുവിച്ചത്. ജനാധിപത്യത്തിന്റെ ബാലപാഠം അഭ്യസിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നാണ്. അപ്പോൾ, ഈ സംഗതിയെക്കുറിച്ച് ജനങ്ങൾ അറിയുന്നതിൽ വലിയ ഉത്കണ്ഠയുടെ ആവശ്യമില്ല. സ്വത്ത്, ക്രിമിനൽ ആക്ടിവിറ്റീസ് എന്നിവയെല്ലാം കണ്ടക്ട് ചെയ്തിട്ടുണ്ടോ എന്നുള്ളതിനെ സംബന്ധിച്ച് ഡീറ്റെയിൽസ് ഇതിൽ വന്നു എന്നുള്ളതുകൊണ്ടുമാത്രം ഒരാൾ അയോഗ്യനാക്കപ്പെടുന്നുമില്ല. ഇതാണ് ക്ളാരിഫിക്കേഷൻ. ഇതിനുമുമ്പുള്ള നിയമപ്രകാരമാണ്. അതിലൊന്നും തൊടുന്നുമില്ല. അതുപ്രകാരം ഡിസ്ക്വാളിഫൈ ചെയ്യാനുള്ള എന്തെങ്കിലും വ്യവസ്ഥകൾ അതിലുണ്ടെങ്കിൽ ഡിസ്ക്വാളിഫൈ ചെയ്യും. ഇത് അതുമായി ബന്ധപ്പെടുത്തിയല്ല. ജനങ്ങൾ മൽസര രംഗത്ത് ഇറങ്ങുന്ന ഒരാളെപ്പറ്റി അറിയണം എന്നുള്ള നിബന്ധന വയ്ക്കുന്നത് തെറ്റാണെന്നു തോന്നുന്നില്ല. ആ ഒരു ഉദ്ദേശമാണ് ഈ ബില്ലിന്റെ പുറകിലുള്ളത്. ഭേദഗതികൾ നിരാകരിക്കണം.

മി. ചെയർമാൻ: ശ്രീ. കെ. പി. രാജേന്ദ്രൻ, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: പ്രസ്സ് ചെയ്യുന്നു.

മി. ചെയർമാൻ: ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നം സംബന്ധിച്ച് .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി സഭ നിരാകരിച്ചു .....

മി. ചെയർമാൻ: ശ്രീ. സി. ടി. അഹമ്മദ് അലി, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. ടി. അഹമ്മദ് അലി: പ്രസ്സ് ചെയ്യുന്നില്ല, പിൻവലിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2005-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച് .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(73) ഖണ്ഡം 2 പ്രകാരം പുതുതായി ചേർക്കാനുദ്ദേശിക്കുന്ന 108-ാം വകുപ്പിലെ (1 എ) ഉപവകുപ്പിൽ "അയാളുടെ വിദ്യാഭ്യാസ യോഗ്യത" എന്നീ വാക്കുകൾക്ക് പകരം "അയാളുടെ സാക്ഷരത" എന്ന് ചേർക്കേണ്ടതാണ്.

(81) ഖണ്ഡം 2 പ്രകാരം പുതുതായി ചേർക്കാനുദ്ദേശിക്കുന്ന 108-ാം വകുപ്പിലെ (1 എ) ഉപവകുപ്പിൽ "അയാളുടെയും അയാളുടെ കുടുംബത്തിലെ മറ്റ് അംഗങ്ങളുടെയും പേരിലുള്ള സ്വത്ത്" എന്ന ഭാഗം ഇനി പറയുംപ്രകാരം ഭേദഗതി ചെയ്യുക.

"അയാൾ സ്വയം ആർജ്ജിച്ചിട്ടുള്ള സ്വത്ത്"

വ്യത്യസ്ത സാഹചര്യങ്ങളിൽ വളർന്നുവരുന്ന വ്യക്തിയെ സംബന്ധിച്ച് അവർ പൊതുപ്രവർത്തകർ അല്ലെങ്കിൽ സാമൂഹ്യപ്രവർത്തകർ എന്നുള്ള നിലയിൽ ലഭിക്കുന്ന അംഗീകാരം, വിദ്യാഭ്യാസ യോഗ്യത, ഇതെല്ലാം മാനദണ്ഡങ്ങൾക്ക് അതീതമാണ്. ഔപചാരിക വിദ്യാഭ്യാസം ലഭിച്ചതിനുശേഷം സാമൂഹ്യ പ്രതിബദ്ധതയുള്ള ശ്രദ്ധേയരായ ധാരാളം വ്യക്തികൾ നമ്മുടെ പൊതുരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് വിദ്യാഭ്യാസ യോഗ്യത മുനിസിപ്പാലിറ്റി അംഗമാകാനുള്ള യോഗ്യതയുടെ മാനദണ്ഡമായി എടുക്കുന്നത് ഉചിതമല്ല. എന്നാൽ സാക്ഷരർ ആയിരിക്കണമെന്നുള്ള നിഷ്കർഷ ഇക്കാര്യത്തിൽ ഉണ്ടായിരിക്കുകയും വേണം. അതുദ്ദേശിച്ചാണ് ഞാൻ ഈ ഭേദഗതികൾ കൊണ്ടുവന്നത്.

ശ്രീ. എം. എ. വാഹീദ്: ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

(74) ഖണ്ഡം 2 പ്രകാരം പുതുതായി ചേർക്കാനുദ്ദേശിക്കുന്ന, പ്രധാന ആക്ടിലെ 108-ാം വകുപ്പിന് ശേഷമുള്ള (1 എ) ഉപവകുപ്പിൽ "അയാൾ ഉൾപ്പെട്ടിട്ടുള്ള" എന്നീ വാക്കുകൾക്ക് പകരം "അയാൾ പ്രതിയായിട്ടോ വാദിയായിട്ടോ ഉള്ള" എന്ന് ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ: ഞാൻ എന്റെ ഭേദഗതി മൂവു ചെയ്യുന്നു.

(75) ഖണ്ഡം 2 പ്രകാരം കൂട്ടിച്ചേർക്കുവാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 108 (1 എ) വകുപ്പിൽ "ഉൾപ്പെട്ടിട്ടുള്ള ക്രിമിനൽ കേസുകൾ" എന്നീ വാക്കുകൾക്ക് പകരം "ശിക്ഷിക്കപ്പെട്ടിട്ടുള്ള കേസുകൾ" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കേണ്ടതാണ്.

ശ്രീ. എം. വി. ജയരാജൻ: ഞാൻ എന്റെ ഭേദഗതി മൂവു ചെയ്യുന്നു.

(77) ഖണ്ഡം 2 പ്രകാരം കൂട്ടിച്ചേർക്കുവാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 108 (1 എ) യിൽ "സമയത്ത് അയാൾ ഉൾപ്പെട്ടിട്ടുള്ള ക്രിമിനൽ കേസുകൾ" എന്നീ വാക്കുകൾ ഒഴിവാക്കി പകരം "സമയത്തോ അതിനുമുമ്പോ അയാൾ ഏതെങ്കിലും ക്രിമിനൽ കേസിൽ ശിക്ഷ അനുഭവിച്ചിട്ടുണ്ടെങ്കിൽ ആ വിവരവും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

മൂലനിയമത്തിൽ 108-ാം വകുപ്പിനുള്ള ഭേദഗതിയായിട്ടാണ് 2-ാം വകുപ്പിൽ കൊണ്ടുവന്നിട്ടുള്ളത്. അതിൽ പറയുന്നത്, നാമനിർദ്ദേശ പത്രിക സർപ്പിക്കുന്ന ഓരോ സ്ഥാനാർത്ഥിയും നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും ഇപ്രകാരമുള്ള ഫോറത്തിലും അയാളുടെ വിദ്യാഭ്യാസ യോഗ്യത, നാമനിർദ്ദേശപത്രിക സമർപ്പിക്കുന്ന സമയത്ത് അയാൾ ഉൾപ്പെട്ടിട്ടുള്ള ക്രിമിനൽ കേസുകൾ, തുടങ്ങിയ കാര്യങ്ങളാണ് വിവരിക്കുന്നത്. ക്രിമിനൽ ഇനങ്ങളെന്നു പറയുന്നത് അയാൾ ഉൾപ്പെട്ടിട്ടുള്ള ക്രിമിനൽ കേസുകൾ എന്നതു മാറ്റിയിട്ട്, ആ സമയത്തോ അതിനുമുമ്പോ അയാൾ ഏതെങ്കിലും ക്രിമിനൽ കേസിൽ ശിക്ഷയനുഭവിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ആ വിവരവും എന്ന നിലയിൽ ഭേദഗതി ചെയ്യണം. കേസിനെപ്പറ്റിയുള്ള സ്റ്റേറ്റുമെന്റ് നമ്മുടെ ജനപ്രാതിനിധ്യ നിയമത്തിന്റെ ഭാഗമായി ഇപ്പോൾ നിയമസഭ, പാർലമെന്റ് തെരഞ്ഞെടുപ്പുകളിൽ മൽസരിക്കുന്ന സ്ഥാനാർത്ഥികൾ കൊടുക്കുന്നതുപോലെയുള്ള ഒരു അഫിഡവിറ്റ് കൊടുക്കണമെന്നുവച്ചാൽ അതിനൊരു പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കേണ്ടതാണ്. ഇന്നിപ്പോൾ പ്രകടനം നടത്തിയാലും കേസാണ്. എല്ലാ ക്രിമിനലുകളുടെയും ക്രിമിനൽ നമ്പറും കോടതി ഡീറ്റെയിൽസും യഥാർത്ഥ ഫോറത്തിൽത്തന്നെ എഴുതിവയ്ക്കാൻ കഴിയാത്ത വിധത്തിൽ ബഹുജന സംഘടനയുടെ പ്രവർത്തകന്മാർ, സമരത്തിൽ പങ്കെടുക്കുന്ന ജനകീയ നേതാക്കൾ അവരെല്ലാം ഇങ്ങനെ പൂരിപ്പിക്കേണ്ടിവരും. ചുരുങ്ങിയത് ഒരു പഞ്ചായത്തിലെ അഞ്ചു പ്രവർത്തകർക്ക് കോൺഗ്രസ്സോ മാർക്സിസ്റ്റുപാർട്ടിയോ എന്ന വ്യത്യാസമില്ല. ലിംഗ വ്യത്യാസമില്ല. പ്രകടനം നടത്തിയാൽ കേസാണ്. ആ കേസിന്റെ ഡീറ്റെയിൽസ് എല്ലാം ഇതിനകത്ത് കൊടുക്കുന്നില്ലെങ്കിൽ ഇൻകംപ്ലീറ്റ് സ്റ്റേറ്റ്മെന്റ് എന്നുപറഞ്ഞുകൊണ്ട് നോമിനേഷൻ തള്ളാൻ ഇടയാകും. നിങ്ങൾ നിർണ്ണയിക്കപ്പെട്ട രീതിയിൽ ഇത് തയ്യാറാക്കുമ്പോൾ അത് അഫിഡവിറ്റിന്റെ മാതൃകയിൽ കൊടുക്കണം. അഫിഡവിറ്റായി കൊടുത്തില്ലെങ്കിൽ നിലനിൽക്കില്ല. സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും നിയമം നേരത്തേ നിയമസഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ നോമിനേഷൻ കൊടുക്കുന്ന സമയത്ത്

LIBRARY ARCHIVES Kerala Legislative Assembly

വന്നിട്ടുണ്ട്. അത് അഫിഡവിറ്റ്മൂലമാണ്. അപ്പോൾ ആ അഫിഡവിറ്റിൽ ഏതെങ്കിലും ഒരു കേസിന്റെ വിവരം രേഖപ്പെടുത്താതിരുന്നാൽ അയോഗ്യതയായി മാറേണ്ടിവരും. അത് പിന്നീട് കേസിലേക്ക് പോകുന്നതിന് ഇടവരുന്നുണ്ട്. അതുകൊണ്ട് എന്തായാലും രണ്ടു വർഷത്തിൽ കൂടുതൽ ശിക്ഷയുള്ള — അതിലേക്കാണല്ലോ നിയമനിർമ്മാണം കൊണ്ട് ഉദ്ദേശിക്കുന്നത് — വിധത്തിൽ ഭേദഗതി ചെയ്യുന്നതായിരിക്കും നല്ലത്. നോമിനേഷൻ കൊടുക്കുന്ന സമയത്തോ അതിനുമുമ്പോ അയാൾ ഏതെങ്കിലും കേസിൽ ക്രിമിനൽ ശിക്ഷ അനുഭവിച്ചിട്ടുണ്ടെങ്കിൽ ആ വിവരവും, എന്ന നിലയിൽ ഭേദഗതി ചെയ്യണം. അല്ലാതെ കേസിൽ ഉൾപ്പെട്ടിട്ടുള്ള എന്നതുമാത്രം ഒരു ക്രൈറ്റീരിയയായി എടുത്താൽ യഥാർത്ഥത്തിൽ അത് ഒരുപാട് പ്രശ്നങ്ങൾ ഉണ്ടാക്കും. ശിക്ഷിക്കപ്പെട്ടാൽ കേസിന് വിശദാംശം കൊടുക്കണം എന്ന നിലയിലുള്ള ഒരു ഭേദഗതിയായിരിക്കും നിയമപരമായി നിലനിൽക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(78) ഖണ്ഡം 2 പ്രകാരം കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 108 (1എ) വകുപ്പിലെ "ക്രിമിനൽ കേസുകൾ" എന്നീ വാക്കുകൾക്കുശേഷം "അയാൾ ഏതെങ്കിലും ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ അപ്പീലുണ്ടോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(79) ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 108 (1 എ) വകുപ്പിൽ ഉൾപ്പെട്ടിട്ടുള്ള "ക്രിമിനൽ കേസുകൾ" എന്നീ വാക്കുകൾക്കുശേഷം "ശിക്ഷിക്കപ്പെട്ട ക്രിമിനൽ കേസുകൾ, ജയിൽവാസം അനുഭവിച്ചിട്ടുണ്ടെങ്കിൽ അവയുടെ വിവരം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(80) ഖണ്ഡം 2 പ്രകാരം കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 108 (1 എ) വകുപ്പിൽ "പേരിലുള്ള സ്വത്ത്" എന്നീ വാക്കുകൾക്കുപകരം "പേരിലുള്ള സ്ഥാവര സ്വത്തുക്കൾ, സ്വർണ്ണാഭരണങ്ങൾ, ഷെയറുകൾ, ബാങ്ക് ബാലൻസ് എന്നിവയും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(89) ഖണ്ഡം 2 പ്രകാരം പുതിയതായി ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 108-ാം വകുപ്പിലെ (1 എ) ഉപവകുപ്പിൽ "നൽകേണ്ടതായ കുടിശ്ശിക" എന്നീ വാക്കുകൾക്കുപകരം "നൽകേണ്ടതായ നികുതിയോ വായ്പയുടെയോ മറ്റേതെങ്കിലും തുകയുടെ കുടിശ്ശികകളോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(98) ഖണ്ഡം 2 പ്രകാരം പുതുതായി ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 108-ാം വകുപ്പിലെ (1 എ) ഉപവകുപ്പിൽ "വിശദവിവരങ്ങൾ സമർപ്പിക്കാത്തപക്ഷം" എന്നീ വാക്കുകൾക്കുപകരം "വിശദവിവരങ്ങൾ അടങ്ങുന്ന ഒരു സത്യവാങ്മൂലം സമർപ്പിക്കാത്തപക്ഷം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(82) ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 108 (1എ) വകുപ്പിൽ "അയാളുടെയും അയാളുടെ കുടുംബത്തിലെ മറ്റംഗങ്ങളുടെയും പേരിലുള്ള സ്വത്ത്" എന്നതിനുപകരം "അയാളുടെ പേരിലുള്ള സ്വത്ത്" എന്ന് ചേർക്കുക.

നോമിനേഷൻ കൊടുക്കുന്ന സമയത്ത് കുടുംബത്തിലെ സ്വത്ത് വിവരങ്ങളെ സംബന്ധിച്ച് പറയണമെന്ന ഒരു വ്യവസ്ഥയുണ്ട്. എന്നാൽ കുടുംബം — എന്നതിൽ ആരൊക്കെ ആയിരിക്കണമെന്ന ഡെഫനിഷൻ ഇല്ല. ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട ആളാണെങ്കിൽ ആ റേഷൻ കാർഡിൽ ഒരുപാട് ആളുകൾ ഉണ്ടാകും. അവരുടെയെല്ലാം വിവരങ്ങൾ ഇതിൽ ഉൾക്കൊള്ളിക്കേണ്ട ആവശ്യം വരുന്നില്ല. ആരാണോ നോമിനേഷൻ കൊടുക്കുന്നത് ആ വ്യക്തിയുടെ സ്വത്ത് വിവരം അതിൽ ഉൾപ്പെടുത്തിയാൽ മതി എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(86) ഖണ്ഡം 2 പ്രകാരം കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 108 (1എ) വകുപ്പിലെ "സ്വത്ത്" എന്ന വാക്കിനുപകരം "ആസ്തി ബാദ്ധ്യത" എന്നുചേർക്കുക.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(88) ഖണ്ഡം 2 പ്രകാരം കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 108 (1എ) വകുപ്പിൽ "താൻ" എന്ന വാക്കിനുപകരം "അയാൾ" എന്നു ചേർക്കുക.

ശ്രീ. എം. എം. ഹസ്സൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(90) ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 108 (1 എ) യിൽ "അയോഗ്യത കൽപ്പിക്കപ്പെട്ടിട്ടുണ്ടോ" എന്നതിനുശേഷം "അഥവാ യോഗ്യത കൽപ്പിക്കപ്പെടുന്നതിനുള്ള ഒരു അപേക്ഷ നിലവിലുണ്ടോ" എന്നുചേർക്കുക.

ശ്രീ. ബിനോയ് വിശ്വം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(106) ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 108 (1 എ) വകുപ്പിൽ "അയാളുടെ" എന്നതിനുപകരം "അദ്ദേഹത്തിന്റെ" എന്നും "അയാൾ" എന്നതിനുപകരം "അദ്ദേഹം" എന്നും "ഉൾപ്പെട്ടിട്ടുള്ള" എന്നതിനുശേഷം

LIBRARY ARCHIVES Kerala Legislative Assembly

"പ്രക്ഷോഭങ്ങളുടെ ഭാഗമല്ലാത്ത" എന്നും "അയാളുടെയും അയാളുടെ കുടുംബത്തിലെ മറ്റംഗങ്ങളുടേയും" എന്നതിനുപകരം "അദ്ദേഹത്തിന്റെയും അദ്ദേഹത്തിന്റെ ഭാര്യയുടെയും പ്രായപൂർത്തിയാകാത്ത മക്കളുടെയും" എന്നും ഭേദഗതി ചെയ്യുക.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(107) ഖണ്ഡം 2 വഴി പ്രധാന ആക്ടിൽ കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 108 (1 എ) വകുപ്പ് താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

"(1 എ) (1)-ാം ഉപവകുപ്പുപ്രകാരം നാമനിർദ്ദേശപത്രിക സമർപ്പിക്കുന്ന ഓരോ സ്ഥാനാർത്ഥിയും പ്രസ്തുത നാമനിർദ്ദേശ പത്രികയോടൊപ്പം, നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും, അപ്രകാരമുള്ള ഫാറത്തിലും, അയാളുടെ വിദ്യാഭ്യാസ യോഗ്യത, അയാളുടെയും അയാളുടെ കുടുംബത്തിലെ മറ്റംഗങ്ങളുടെയും പേരിലുള്ള സ്വത്ത്, ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിനോ സർക്കാരിനോ തദ്ദേശ സ്വയംഭരണസ്ഥാപനത്തിനോ നൽകേണ്ടതായ കുടിശ്ശിക ഉൾപ്പെടെയുള്ള ബാദ്ധ്യതകൾ സംബന്ധിച്ച വിശദവിവരങ്ങൾ സമർപ്പിക്കേണ്ടതാണ്."

(109) ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 108 (1 എ) വകുപ്പിനുശേഷം (1 ബി) യായി താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക.

(1 ബി) "ഓരോ സ്ഥാനാർത്ഥിയും അയാളുടെ കുടുംബത്തിലെ മറ്റംഗങ്ങളുടേയും സ്വത്ത് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് നിയമാനുസൃതം സമർപ്പിക്കേണ്ടതാണ്."

(110) ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 108 (1 സി) യായി താഴെപ്പറയുന്നത് കൂട്ടിചേർക്കുക.

(1 സി) " 1999-ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ആക്ടുപ്രകാരം താൻ കൂറുമാറ്റത്തിനു അയോഗ്യത കൽപ്പിച്ചിട്ടുണ്ടോ എന്നതിനെ സംബന്ധിച്ച് സ്ഥാനാർത്ഥി സ്വയം സത്യവാങ്മൂലം തെരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കേണ്ടതാണ്."

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):* സർ, വിദ്യാഭ്യാസ യോഗ്യത ഇതിൽ ക്വാളിഫിക്കേഷനായി പറയുന്നില്ല. അതുപോലെ ക്രിമിനൽ കേസുകളുടെ വിവരം പറയുന്നു എന്നല്ലാതെ അയോഗ്യതയുടെ പ്രശ്നമായി വരുന്നില്ല. ജനങ്ങളെയെല്ലാം അറിയിക്കണമെന്നുള്ളതാണ് സുപ്രീംകോടതി വിധി. മത്സരിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം ജനങ്ങൾക്ക് എല്ലാം അറിയണം. ജനങ്ങളെ അറിയിക്കുന്നതിലൂടെ ആ വ്യക്തിയുടെ മഹത്വം കൂടുകയേയുള്ളൂ. പിന്നെ പ്രക്ഷോഭത്തിന്റെ പേരിൽ ആരെയും ഡിസ്ക്വാളിഫൈ ചെയ്യാൻ വ്യവസ്ഥ വച്ചിട്ടില്ല. അതുകൊണ്ട് യാതൊരു വിധത്തിലും പേടിക്കേണ്ട ആവശ്യമില്ല. ഭേദഗതികളൊന്നും സ്വീകരിക്കാവുന്നവയല്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: സർവ്വശ്രീ കെ. രാധാകൃഷ്ണൻ, എം. വി. ജയരാജൻ, ബിനോയ് വിശ്വം എന്നിവരുടെ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ എന്റെ 75-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ എന്റെ 77-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

ശ്രീ. ബിനോയ് വിശ്വം: സർ, ഞാൻ എന്റെ 106-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

മി. ചെയർമാൻ: ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 75-ാം നമ്പർ ഭേദഗതിയും, ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 77-ാം നമ്പർ ഭേദഗതിയും ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച 106-ാം നമ്പർ ഭേദഗതിയും അംഗീകരിക്കണമെന്ന പ്രശ്നം സംബന്ധിച്ച് .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ —16

1. ശ്രീ. എ. എ. അസീസ്
2. ,, കോടിയേരി ബാലകൃഷ്ണൻ
3. ,, ബിനോയ് വിശ്വം
4. ,, വി. കെ. ചന്ദ്രൻ
5. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
6. ശ്രീ. എം. വി. ജയരാജൻ
7. ,, കോവൂർ കുഞ്ഞുമോൻ
8. ,, വി. കെ. സി. മമ്മത്കോയ
9. ,, മത്തായി ചാക്കോ
10. ,, എ. സി. മൊയ്തീൻ
11. ,, സി. കെ. നാണു
12. ,, കെ. രാധാകൃഷ്ണൻ
13. ,, കെ. പി. രാജേന്ദ്രൻ
14. ,, സാജു പോൾ
15. ,, കെ. പി. സതീശ്ചന്ദ്രൻ
16. ഡോ. തോമസ് ഐസക്

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ —27

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, പി. കെ. അബ്ദുറബ്ബ്
3. ,, സി. ടി. അഹമ്മദ് അലി
4. ,, കെ. ബാബു
5. ,, ബാബു ദിവാകരൻ
6. ,, പി. കെ. കെ. ബാവ
7. ,, കെ. എ. ചന്ദ്രൻ
8. ,, ഡൊമിനിക് പ്രസന്റേഷൻ
9. ,, എം. എം. ഹസ്സൻ
10. ,, കെ. സി. ജോസഫ്
11. ,, ജോസഫ് എം. പുതുശ്ശേരി
12. ,, ഉമ്മൻ ചാണ്ടി
13. ,, അടൂർ പ്രകാശ്
14. ,, ജി. പ്രതാപവർമ്മ തമ്പാൻ
15. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
16. ,, കെ. കുട്ടി അഹമ്മദ് കുട്ടി
17. ,, ലൂഡി ലൂയിസ്
18. ,, ആര്യാടൻ മുഹമ്മദ്
19. ,, കെ. കെ. ഷാജു
20. പ്രൊഫ. കെ. വി. തോമസ്
21. ശ്രീ. എൻ. ശക്തൻ
22. ,, വി. ഡി. സതീശൻ
23. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
24. ശ്രീ. തോമസ് ചാഴികാടൻ
25. ,, എം. എ. വാഹീദ്
26. ,, കെ. സി. വേണുഗോപാൽ
27. ,, ബി. വിജയകുമാർ

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല

മി. ചെയർമാൻ: അനുകൂലിക്കുന്നവർ — 16

പ്രതികൂലിക്കുന്നവർ — 27

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല

ഭേദഗതികൾ സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച (74)-ാം നമ്പർ ഭേദഗതിയും ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച (78)-ാം നമ്പർ ഭേദഗതിയും, ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച (79), (80), (89), (98) എന്നീ നമ്പർ ഭേദഗതികളും, ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച (86)-ാം നമ്പർ ഭേദഗതിയും, പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച (88)-ാം നമ്പർ ഭേദഗതിയും, ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച (90)-ാം നമ്പർ ഭേദഗതിയും സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ അവതരിപ്പിച്ച (73), (81) എന്നീ നമ്പർ ഭേദഗതികളും, ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച (82)-ാം നമ്പർ ഭേദഗതിയും, ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച (107), (109), (110) എന്നീ നമ്പർ ഭേദഗതികളും സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, 112-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(112) ഖണ്ഡം 3 പ്രകാരം പുതുതായി ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 178 (സിഎ) യിൽ "വിവരങ്ങൾ വ്യാജവും" എന്നീ വാക്കുകൾക്കുപകരം "വിവരങ്ങൾ കളവും വ്യാജവും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്. 4.00 P.M.]

ശ്രീ. ബിനോയ് വിശ്വം: സർ, 113-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(113) ഖണ്ഡം 3 പ്രകാരം പുതുതായി ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിന്റെ വകുപ്പ് 178 (സിഎ) യിൽ "വിവരങ്ങൾ വ്യാജവും" എന്നതിനുശേഷം "ബോധപൂർവ്വം മറച്ചുവച്ചതും" എന്ന് കൂട്ടിച്ചേർക്കുക.

ഒരാൾ ഒരു സ്റ്റേറ്റ്മെന്റ് കൊടുക്കുമ്പോൾ വ്യാജമായ, അപൂർണ്ണമായ വിവരം കൊടുക്കാം, ചിലപ്പോൾ ചില ആളുകൾ ബോധപൂർവ്വം മറച്ചുവയ്ക്കാം അതുകൊണ്ട് ബോധപൂർവ്വം മറച്ചുവയ്ക്കുന്ന കാര്യംകൂടി ഒരു ഘടകമായി ഇതിൽപ്പെടുത്തേണ്ടതാണ് എന്നാണ് എന്റെ അഭിപ്രായം.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, ഈ ബിൽ അവതരിപ്പിച്ച ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിക്ക് സുഖമില്ലാത്തതുകൊണ്ട് അദ്ദേഹത്തിന് പുറത്തോട്ട് പോകേണ്ടിവന്നു. അദ്ദേഹത്തിന്റെ മറ്റു ബില്ലുകൾ നമുക്ക് പിന്നീടൊരു ദിവസം എടുക്കാം. ഈ ബിൽ നമുക്ക് ഇപ്പോൾ ഇവിടെ തീർക്കുകയും ചെയ്യാം. ഈ ബില്ലിന്റെ ശേഷിച്ച ഭാഗങ്ങൾക്കുള്ള മറുപടി തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി ബഹു. ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി നൽകുന്നതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):* താഴെ പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

(178) ഖണ്ഡം 3 പ്രകാരം പുതുതായി ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിന്റെ വകുപ്പ് 178 (സിഎ) യിൽ "അപൂർണ്ണം" എന്ന വാക്ക് ഉപേക്ഷിച്ചിട്ട് "വ്യാജം" എന്ന വാക്ക് നിലനിർത്താമെന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

മറ്റു ഭേദഗതികളൊന്നും സ്വീകാര്യമല്ല.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി ബഹുമാനപ്പെട്ട ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):* സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇപ്പോൾ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ മറ്റു ബില്ലുകൾ എല്ലാം വേറെ ഒരു ദിവസത്തേക്ക് മാറ്റിവയ്ക്കാം എന്നു പറഞ്ഞതുകൊണ്ട് ഈ ബിൽ ഇപ്പോൾ പാസാക്കുകയാണ്. അതുകൊണ്ട് ഈ ബില്ലിനെ സംബന്ധിച്ച് ഒരു പ്രതികരണം പറയേണ്ടതായിട്ടുണ്ട്.

മി. ചെയർമാൻ: മൂന്നാം വായനയും വേണമെങ്കിൽ മാറ്റിവയ്ക്കാം .....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഈ ബില്ലിനെ സംബന്ധിച്ച് ചില കാര്യങ്ങൾ പറയാനുണ്ട്. ഇവിടെ ഈ ബിൽ പാസ്സാക്കുന്നതിനോട് ഞങ്ങൾക്ക് യോജിപ്പില്ല. ഈ ഭേദഗതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിലേക്ക് മത്സരിക്കുന്ന സ്ഥാനാർത്ഥികൾ ഏതെല്ലാം കേസുകളിൽ പ്രതികളാണെന്നുള്ള സ്റ്റേറ്റ്മെന്റ് കൊടുക്കണം എന്ന് വ്യവസ്ഥ ചെയ്തിരിക്കുകയാണ്. കേസിൽ പ്രതികൾ എന്നുപറയുമ്പോൾ ആ പ്രതിയെപ്പറ്റി അറിയുന്നതിനു വേണ്ടിയിട്ടാണ് ഇത് കൊടുക്കുന്നത്. സുപ്രീംകോടതി ഇങ്ങനെ ഒരു നിർദ്ദേശം വച്ചത് രാഷ്ട്രീയത്തെ ക്രിമിനൽസിന്റെ കൈയിൽനിന്നും മോചിപ്പിക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണ്. എന്നാൽ ഈ നിയമം ഇംപ്ലിമെന്റ് ചെയ്തു കഴിയുമ്പോൾ ഗുരുതരമായ പ്രശ്നങ്ങളാണ് ഉണ്ടാകുന്നത്. ഇപ്പോൾ 2 വർഷത്തിൽ കൂടുതൽ ശിക്ഷിക്കപ്പെട്ടവർക്ക് പാർലമെന്റിലും നിയമസഭയിലും അയോഗ്യത കൽപ്പിച്ചിട്ടുണ്ട്. ഇവിടെയും അത് ബാധകമാണെന്നാണ് എനിക്ക് തോന്നുന്നത്. പക്ഷേ, ബഹുമാനപ്പെട്ട മന്ത്രി നേരത്തെ പറഞ്ഞപ്പോൾ അയോഗ്യതയില്ല എന്ന് പറഞ്ഞതായിട്ട് കാണുന്നു. അപ്പോൾ ഈ ബിൽ തന്നെ തയ്യാറാക്കിയത് വേണ്ടത്ര പഠിച്ചുകൊണ്ടല്ല. ഒന്നാമത് എട്ട് ബില്ലുകൾ ഒന്നിച്ചാണ് വന്നിരിക്കുന്നത്. ഈ ബിൽ യഥാർത്ഥത്തിൽ രണ്ടു ബില്ലായിട്ട് അവതരിപ്പിക്കാമായിരുന്നു. മുനിസിപ്പാലിറ്റികളുടെ നിയമങ്ങൾക്കുള്ള ഭേദഗതികൾ എല്ലാം ചേർത്തുകൊണ്ട് മുനിസിപ്പൽ (ഭേദഗതി) ബിൽ എന്ന ഒരു ബില്ലും, പഞ്ചായത്തിന്റെ നിയമങ്ങൾക്കുള്ള ഭേദഗതികൾ ചേർത്തുകൊണ്ട് മറ്റൊരു ബില്ലും കൊണ്ടുവന്നാൽ മതിയായിരുന്നു. അപ്പോൾ ഇക്കാര്യത്തിലൊന്നും വേണ്ടത്ര ശ്രദ്ധ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും ഇല്ലാതെ വന്നതിന്റെ ഫലമായിട്ടാണ് ഇത് സംഭവിച്ചത്. ഇത്തരത്തിൽ ഓർഡിനൻസിനുപകരമായിട്ടുള്ള ബിൽ വരുമ്പോൾ അത് ചെയ്യാൻ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റിന് സാധിക്കും. മുമ്പ് എൽ.ഡി.എഫ്.ന്റെ കാലത്ത് അങ്ങനെ ചെയ്തിട്ടുണ്ട്. ഇത് നിങ്ങളുടെ ഭാഗത്തുനിന്നുണ്ടായ ഒരു അപാകതയാണ്. ഭാവിയിലെങ്കിലും ഇത്തരം കാര്യങ്ങൾ നിങ്ങൾ ശ്രദ്ധിക്കണം. ഭൂരിപക്ഷമുള്ളിടത്തോളം നിങ്ങൾക്ക് എന്തുവേണമെങ്കിലും പാസാക്കിയെടുക്കുകയും ചെയ്യാം. ഇതുപോലുള്ള നിയമനിർമ്മാണങ്ങൾ കൊണ്ടുവരുമ്പോൾ നിങ്ങൾക്ക് ഒരു ശ്രദ്ധയുമില്ല. ഈ നിയമം കുറേക്കൂടി നല്ല നിലയിലാക്കി മാറ്റുന്നതിനുവേണ്ടി അത് ചെയ്യാമായിരുന്നു. അത് ചെയ്തില്ല എന്നുള്ളത് നിങ്ങളുടെ ഭാഗത്തുനിന്നുമുള്ള വീഴ്ചതന്നെയാണ്. കേരളത്തെ സംബന്ധിച്ച് ഒരു കേസിൽ പ്രതിയല്ലാത്ത ആരാണ് ഇന്ന് നമ്മുടെ സംസ്ഥാനത്തുള്ളത്? എനിക്ക് തോന്നുന്നത് ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് ആർക്കും കേസിൽ പ്രതിയാകാം. മുഖ്യമന്ത്രി ഒഴികെയുള്ള ആരെയും പ്രതിയാക്കാൻ കഴിയുന്നതാണ് ഇപ്പോഴത്തെ അവസ്ഥ. മുഖ്യമന്ത്രിയെയും പ്രതിയാക്കാം. പക്ഷേ, മുഖ്യമന്ത്രി സാധാരണഗതിയിൽ പോലീസ് മന്ത്രിയായതുകൊണ്ട് പ്രതിയാക്കി കള്ളക്കേസിൽപ്പെടുത്താനിടയില്ല. എന്നാലും റെയിൽവേ പോലീസിന് വേണമെങ്കിൽ മുഖ്യമന്ത്രിയുടെ പേരിൽ കേസ് എടുക്കാം. റെയിൽവേ പോലീസ് എടുത്ത കേസിൽ നമ്മുടെ ശ്രീ. ഉമ്മൻ ചാണ്ടി പോലും പ്രതിയാണ്. അതിപ്പോൾ പിൻവലിക്കാനും പറ്റില്ല. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേറ്റിന്റെയാണെങ്കിൽ നമുക്ക് വേണമെങ്കിൽ പിൻവലിക്കാം. അപ്പോൾ ആരുടെ പേരിലും കേസെടുക്കാൻ കഴിയുന്ന ഒരവസ്ഥ ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഉണ്ട്. പോലീസിന്റെ അടി ഇപ്പോൾ ആർക്കും കിട്ടും. പോലീസിന്റെ അടി കിട്ടില്ല എന്ന് ഉറപ്പുള്ള ഒരേ ഒരു മന്ത്രി മാത്രമേ ഇന്ന് കേരളത്തിൽ ഉള്ളൂ; അത് നമ്മുടെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി മാത്രമാണ്. ബാക്കിയുള്ള ആർക്കും അടി കിട്ടുമെന്നുള്ളത് ഉറപ്പാണ്. അപ്പോൾ കേസിൽ പ്രതിയാകുന്നതും മർദ്ദനം ഏൽക്കുന്നതും ഒക്കെ വരുമ്പോൾ ഇതുസംബന്ധിച്ചെല്ലാം സ്റ്റേറ്റ്മെന്റ് കൊടുക്കണമെന്ന് വന്നാൽ ഇപ്പോൾ എത്ര കേസിലാണ് ഓരോ ആളുകളും പ്രതികളായിട്ടുള്ളത് എന്നുള്ളത് പരിശോധിക്കേണ്ട സ്ഥിതിയാണ്. ബഹുമാനപ്പെട്ട ചെയറിനറിയാമായിരിക്കും, ഇപ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഒരു ഹർത്താൽ ആഹ്വാനം ചെയ്താൽ ആ ദിവസം കേരളത്തിൽ എവിടെയെങ്കിലും ഒരു സംഭവം ഉണ്ടാകുകയാണ്, ഒന്നാം പ്രതി ആരാണെന്നറിയാമോ? അതിന് ആഹ്വാനം ചെയ്യുന്ന കൺവീനർ, ശ്രീ. പാലൊളി മുഹമ്മദ് കുട്ടി. അദ്ദേഹത്തിന്റെ പേരിൽ എത്ര കേസ് ഉണ്ടെന്നറിയാമോ? കേരളത്തിൽ ഏറ്റവും കൂടുതൽ കേസിൽ പ്രതിയായിട്ട് നിൽക്കുന്ന ആൾ ആരാണെന്നറിയാമോ? ശ്രീ. പാലൊളി മുഹമ്മദ് കുട്ടി. വീരപ്പന്റെ പേരിൽ പോലും ഇത്രയും കേസില്ല. ശ്രീ. പാലൊളി ഒരു ഇലക്ഷനിൽ മൽസരിക്കുന്നു എന്ന് വിചാരിക്കുക, ഈ സ്റ്റേറ്റ്മെന്റ് മുഴുവൻ കൊടുക്കണ്ട, ഇങ്ങനെ ശ്രീ. പാലൊളിയെപ്പോലുള്ള എത്രയോ ആളുകൾ നമ്മുടെ കേരളത്തിൽ രാഷ്ട്രീയ പ്രവർത്തകൻമാരുണ്ട്. ഭരണപക്ഷത്തും പ്രതിപക്ഷത്തും ഉണ്ടാകാം. ഇതിൽ ഏതെങ്കിലും ഒരു കേസ് ചേർക്കുന്നത് വിട്ടുപോയാൽ അപൂർണ്ണം എന്നുപറഞ്ഞുകൊണ്ട് അദ്ദേഹത്തെ ഡിസ്ക്വാളിഫൈ ചെയ്യാൻ സാധിക്കും. ഇപ്പോൾ അവസാനം അപൂർണ്ണം എന്നുള്ളത് മാറ്റി എന്നു തോന്നുന്നു. പക്ഷെ അതിനകത്ത് വ്യാജം എന്നുണ്ട്, അങ്ങനെ വരുമ്പോൾ ഒന്നു വിട്ടുപോയാൽ, കൊടുത്ത സ്റ്റേറ്റ്മെന്റ് വ്യാജമാണെന്നു പറഞ്ഞുകൊണ്ട് അയാളുടെ സ്റ്റേറ്റ്മെന്റ് തള്ളിക്കളയാൻ വകുപ്പുണ്ട്. അപ്പോൾ കേസ് എന്നു പറയുമ്പോൾ 'രണ്ടു വർഷത്തിൽ കൂടുതൽ ശിക്ഷിക്കപ്പെടുന്ന' അല്ലെങ്കിൽ 'ശിക്ഷിക്കാനുള്ള വകുപ്പുകൾ പ്രകാരം ചാർജ്ജ് ചെയ്യുന്ന കേസുകൾ' എന്ന് വച്ചാൽ പോരേ? ഏതിന്റേതും ഇതിനകത്തു വയ്ക്കണമെന്നു പറയുമ്പോൾ ഉണ്ടാകുന്ന പ്രയാസം ഞങ്ങൾക്ക് മാത്രമല്ല, ഇവിടത്തെ രാഷ്ട്രീയ പ്രവർത്തകൻമാർക്ക് ആകെ ബാധകമായിട്ടുള്ള ഒരു കാര്യമാണിത്. ഇപ്പോൾ ഡിസ്ക്വാളിഫിക്കേഷൻ വരുന്നത് രണ്ടു വർഷത്തിൽ കൂടുതൽ ശിക്ഷിക്കപ്പെട്ടാൽ മാത്രമേ വരൂ. മന്ത്രി ഇവിടെ പറഞ്ഞു, ഡിസ്ക്വാളിഫിക്കേഷൻ ഇല്ല എന്ന്. നിയമസഭയിൽ മന്ത്രി അങ്ങനെ പറഞ്ഞതുതന്നെ ശരിയായിട്ട് കാര്യങ്ങൾ പഠിച്ചുകൊണ്ട് പറഞ്ഞതല്ല. മന്ത്രിയുടെ ഇന്നത്തെ ഒരു അവസ്ഥയായതുകൊണ്ടാണ് ഞാൻ വല്ലാതെ അതിലേക്ക് കയറിപ്പോകാത്തത്. ഡിസ്ക്വാളിഫിക്കേഷൻ ഉണ്ട്.

ജനപ്രാതിനിധ്യനിയമപ്രകാരം കുന്നങ്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബാലാജി ജീവപര്യന്തം ശിക്ഷിക്കപ്പെട്ടു. ആ ജീവപര്യന്തം ശിക്ഷിക്കപ്പെട്ടതിനെ തുടർന്ന് ബാലാജിയുടെ ബ്ലോക്ക് പ്രസിഡന്റ് സ്ഥാനം തെരഞ്ഞെടുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

കമ്മീഷൻ അസാധുവാക്കി. അസാധുവാക്കാനുണ്ടായ കാരണം കേന്ദ്ര നിയമത്തെ അടിസ്ഥാനമാക്കിയാണ്. അപ്പോൾ ഡിസ്ക്വാളിഫിക്കേഷനില്ലായെന്ന് ഈ സഭയെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് ഈ നിയമം പാസാക്കിയെടുക്കുന്നത് ശരിയല്ല.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ):* ശിക്ഷിക്കപ്പെട്ടതിനുശേഷമാണ്. ഇവിടെ അതല്ല, വ്യാജപ്രസ്താവന ചെയ്യുന്നതിനെക്കുറിച്ചാണ് പറയുന്നത്. രണ്ടും ഡിഫറന്റാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശിക്ഷിക്കപ്പെട്ടാൽ ഡിസ്ക്വാളിഫിക്കേഷൻ ആകുമെന്നു പറഞ്ഞു. കടവല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ബാലാജിയുടെ കേസ് എനിക്ക് നേരിട്ട് അറിയാവുന്ന കേസ് ആയതുകൊണ്ട് പറയുകയാണ്.

ശ്രീ. കെ. സി. വേണുഗോപാൽ: വേറെ നിയമമുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: വേറെ നിയമമെന്നു പറഞ്ഞാൽ ആ നിയമപ്രകാരം ഡിസ്ക്വാളിഫിക്കേഷൻ ഉണ്ട്. ഇതുപ്രകാരം ഒരു കേസിൽ പ്രതിയാണെന്ന് സ്റ്റേറ്റ്മെന്റ് കൊടുത്താൽ, ഏത് പ്രതിയായാലും അത് ബാധകമാണ്. അങ്ങനെ വരുമ്പോൾ ഇത് ഡിസ്ക്വാളിഫൈ ചെയ്യപ്പെടേണ്ടുന്ന .....

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):* സുപ്രീം കോടതി പറഞ്ഞിരിക്കുന്നത്, സ്റ്റേറ്റ്മെന്റ് കൊടുക്കണം, ക്രിമിനൽ കേസിൽ പ്രതിയായാൽ. ഡിസ്ക്വാളിഫിക്കേഷൻ വേറെ വകുപ്പാണ്, ഇതിൽ വരില്ല. ശിക്ഷിക്കപ്പെട്ടാൽ അല്ലാതെതന്നെ പോകുമല്ലോ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: രണ്ട് വർഷത്തിൽക്കൂടുതൽ ശിക്ഷിക്കപ്പെട്ടാൽ ജയിലിൽ പോകുന്നത് വേറെ വകുപ്പു പ്രകാരമാണെങ്കിലും ഇപ്പോൾ പ്രശ്നം സ്റ്റേറ്റ്മെന്റ് കൊടുക്കുന്നത് സംബന്ധിച്ചാണ്. ഞാൻ ഉന്നയിക്കുന്ന വാദഗതി, സ്റ്റേറ്റുമെന്റ് കൊടുക്കുന്ന സമയത്തുതന്നെ ഡിസ്ക്വാളിഫൈ ചെയ്യപ്പെടുന്ന ഒരു കേസിൽ ആ സ്ഥാനാർത്ഥി പ്രതിയാണെങ്കിൽ ആ കേസിന്റെ എല്ലാ വിവരവും സംഭരിക്കണം. അതല്ല രണ്ടുവർഷത്തിൽ കൂടുതൽ ശിക്ഷിക്കപ്പെട്ട ഒരാളാണെങ്കിൽ ആ കേസ് ശിക്ഷിക്കപ്പെട്ടുകഴിഞ്ഞ് അപ്പീൽ തള്ളിപ്പോയിക്കഴിഞ്ഞാലും ആ വിവരം സ്റ്റേറ്റ്മെന്റിൽ കൊടുക്കണം. അതിനുപകരം ജാഥ നടത്തിയതിന്റെ കേസ്, അതുപോലുള്ള മറ്റു കേസ്സുകൾ ഇവയുടെ ഡീറ്റെയിൽസ് മുഴുവനും കൊടുക്കണമെന്നുപറഞ്ഞാൽ ബുദ്ധിമുട്ടാണ്. ഇപ്പോൾ പത്തും നൂറും കേസിൽ പ്രതിയായ ആളുകളുണ്ട്. എല്ലാ കേസുകളും ഓർമ്മിച്ചുവയ്ക്കാൻ ആർക്കെങ്കിലും സാധിക്കുമോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ഒരാശങ്ക പറഞ്ഞതുകൊണ്ടാണ് മിനിസ്റ്റർ ആ അമെന്റ്മെന്റ് അംഗീകരിച്ചത്. നേരത്തെകൊടുത്തിരുന്ന വ്യവസ്ഥയിൽ തെരഞ്ഞെടുക്കപ്പെട്ട സ്ഥാനാർത്ഥി 108-ാം വകുപ്പ് 1 (എ) ഉപവകുപ്പ് പ്രകാരം സമർപ്പിച്ച വിവരങ്ങൾ വ്യാജവും അപൂർണ്ണവും ആണെന്നും പറഞ്ഞുകൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങുന്നത്. 'അപൂർണ്ണമാണെങ്കിൽ' എന്ന് ചേർത്താലുണ്ടാകുന്ന ആശങ്കയെപ്പറ്റി ഇവിടെ പറഞ്ഞു. അതുകൊണ്ടാണ് അതൊഴിവാക്കിയിട്ട് വിവരങ്ങൾ വ്യാജമാണെങ്കിൽ എന്നുമാത്രം ചേർത്തത്. ഇക്കാര്യം അക്സെപ്ട് ചെയ്തതാണ്. ആ ആശങ്ക ഇവിടെ മെമ്പർ പറഞ്ഞതുകൊണ്ട് ഇത് അക്സെപ്ട് ചെയ്തതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അതിൽ പ്രശ്നമെന്താണെന്ന് അറിയാമോ? എന്റെ പേരിൽത്തന്നെ എത്ര കേസുണ്ടെന്ന് എനിക്കുതന്നെ നിശ്ചയമില്ല. എന്റെ പേരിൽ എത്ര കേസ് ഉണ്ടെന്ന് പോലീസ് സ്റ്റേഷനിൽനിന്ന് സമൻസ് വരുമ്പോഴാണ് ഞാൻ അറിയുന്നത്. പല ജില്ലകളിലും കേസുകളുണ്ട്. കേസുകൾ എത്രയാണെന്നു പറഞ്ഞാൽ കണ്ണൂരിൽ പോയി കളക്ടറേറ്റിന്റെ മുമ്പിൽ ഒരു പ്രസംഗം ചെയ്ത ഉടനെ കേസ് വന്നു. കേസ് എന്താണ്? അവിടത്തെ നിയമം ലംഘിച്ച് പ്രസംഗിച്ചു. ഇവിടെ ഈ സെക്രട്ടേറിയേറ്റിനു മുൻപിൽ പോയി ഒരു പ്രസംഗം ചെയ്തുപോയാൽ ഉടനെ കേസ് ആയി. നിങ്ങൾ ഇപ്പോൾ 50 മാസക്കാലമായി ഭരണപക്ഷത്തായതുകൊണ്ടാണ് ഇത് അറിയാത്തത്. .ഇനി 10 മാസം കഴിഞ്ഞാൽ നിങ്ങളും ഇത് അനുഭവിക്കാൻ പോകുകയാണ്. പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ എത്ര കേസിലെ പ്രതിയാണെന്നറിയാമോ? പിടികിട്ടാപ്പുള്ളിയാണ് അന്തരിച്ച സഖാവ് ഇ. കെ. നായനാർ. കണ്ണൂർ കോടതിയിൽ ഇപ്പോഴും വിളിക്കുകയാണ്. എന്താണ് കേസ്? കണ്ണൂർ കളക്ടറേറ്റിനു മുമ്പിൽ ഒരു മൈക്ക് കെട്ടി പ്രസംഗിച്ചു എന്നുള്ളതാണ്. ഇങ്ങനെ കേസുള്ള നൂറു കണക്കിനാളുകളുള്ള സംസ്ഥാനത്ത്, ഇങ്ങനെ കേസുകളിൽ പ്രതിയാക്കുന്ന, നമ്മുടെ പ്രാദേശിക പ്രക്ഷോഭത്തിൽ പ്രവർത്തിക്കുന്ന പ്രവർത്തകൻമാർ ഇതിന്റെയെല്ലാം സ്റ്റേറ്റ്മെന്റ് കൊടുക്കണം എന്നുപറഞ്ഞാൽ ഇത് മാർക്സിസ്റ്റുകാർക്ക് മാത്രം ബാധകമാണെന്ന് വിചാരിക്കരുത്. അപ്പുറത്തിരിക്കുന്ന ശ്രീ. കെ.സുധാകരൻ കൊലക്കേസിൽ പ്രതിയായി. പ്രതിയായ ആരൊക്കെ ആളുകൾ ആ കൂട്ടത്തിലുണ്ട്!

ശ്രീ. വി. ഡി. സതീശൻ: സർ, ഈ ക്രിമിനൽ കേസിനെ തെരഞ്ഞെടുപ്പ് പ്രോസസിൽനിന്ന് ഒഴിവാക്കാൻവേണ്ടി സുപ്രീം കോടതി പറഞ്ഞ ഒരു കാര്യമാണ്. ചാർജ് ചെയ്തിട്ടുള്ള എത്ര ക്രിമിനൽ കേസിൽ പ്രതിയാണ് ഈ സ്ഥാനാർത്ഥി എന്ന് പബ്ലിക്കിന് അറിയണം, അതാണ് ഉദ്ദേശിച്ചത്. ഇതുപോലുള്ള പെറ്റി കേസിലൊക്കെ പ്രതിയാകുന്നത്, രണ്ടും— രണ്ടാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അപ്പോൾ യഥാർത്ഥത്തിൽ സദുദ്ദേശത്തോടുകൂടിയാണ് ഈ കാര്യം നമ്മൾ വച്ചതെങ്കിൽ ഇത് നടപ്പിലാക്കിവരുമ്പോഴുള്ള പ്രശ്നമാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. ഈ ബിൽ പാസാക്കിയാൽ ഇംപ്ലിമെന്റ് ചെയ്യുമ്പോൾ ഉണ്ടാകുന്ന പ്രയാസമാണ് മൂന്നാം വായനയിൽ ഞാൻ പറയുന്നത്. പിന്നെ ഇത് എപ്പോഴാണ് പറയുക? കേരളത്തിന്റെ പ്രത്യേക പശ്ചാത്തലത്തിൽ ഈ കാര്യം പരിഗണിക്കാതെയാണ് യു.ഡി.എഫ്. ഗവൺമെന്റ് ഇത്തരത്തിൽ ഒരു വ്യവസ്ഥ ഈ ബില്ലിൽ എഴുതിച്ചേർത്തത്. കേസിൽ പ്രതിയായ ആളുകളെ നാട്ടിൽ അറിഞ്ഞുകൂടേ? ഇപ്പോൾ ആ പഞ്ചായത്തിൽ മൽസരിക്കുന്ന ഒരാൾ എത്ര കേസിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിയാണെന്ന് ആളുകൾക്ക് അറിയാം. അപ്പോൾ ജനങ്ങൾക്ക് അത് തെരഞ്ഞെടുക്കാൻ കഴിയും. പാർലമെന്റിലും നിയമസഭയിലും മൽസരിക്കുന്ന ആളുകൾക്ക്, കേരളത്തിൽ എവിടെയുള്ള ആളുകൾക്ക് വേണമെങ്കിലും മഞ്ചേശ്വരത്തുപോയി മൽസരിക്കാം. ഇപ്പോൾ മഞ്ചേശ്വരത്തു മൽസരിക്കുന്ന സമയത്ത് തിരുവനന്തപുരത്തുള്ള ഒരാൾ, അയാൾ ഏത് കേസിൽ പ്രതിയാണെന്ന് ആ പ്രദേശത്തെ ജനങ്ങൾക്ക് അറിയില്ല. മഞ്ചേശ്വരം ആണല്ലോ ഏറ്റവും അവസാനമുള്ളത്. ചെർക്കളം അബ്ദുള്ളയ്ക്ക് എതിരായി ആരെങ്കിലും ഇവിടെ നിന്ന് അവിടെ പോകണമെന്ന അർത്ഥത്തിലല്ല ഞാൻ ഇതു പറഞ്ഞത്. 1-ാം നമ്പർ കോൺസ്റ്റിറ്റ്യുവൻസി അതാണ്. അപ്പോൾ ഇവിടെ നിന്ന്, 140-ാം മണ്ഡലത്തിൽ നിന്ന്, ഒരാൾ വന്നിട്ട് നിങ്ങളുടെ അടുത്ത് പോയി മൽസരിക്കാം. അപ്പോൾ മഞ്ചേശ്വരത്തുള്ള ഒരാൾക്ക്, അത് അറിയണമെന്നുള്ളതുകൊണ്ടാണ്, ഈ വ്യവസ്ഥ വേണമെന്ന് നമ്മുടെ നിയമത്തിൽ പറയുന്നത്. എന്നാൽ പഞ്ചായത്ത് — മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പുകളുടെ കാര്യത്തിൽ ആ പ്രദേശത്തിലെ ഒരാൾ മൽസരിക്കുമ്പോൾ അയാൾ ക്രിമിനൽ ആണോ, ക്രിമിനൽ അല്ലാത്തയാൾ ആണോയെന്നുള്ളത് ആ പ്രദേശത്തെ ആളുകൾക്ക് അറിയാം. അതുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ ഈ വ്യവസ്ഥ നിയമത്തിനകത്ത് എഴുതിവയ്ക്കുന്നത്, യഥാർത്ഥത്തിൽ ആവശ്യമില്ല, അനാവശ്യമായ കാര്യമാണ്. ഇത് എന്തിനാണ് ഇങ്ങനെ എഴുതിച്ചേർത്തത് എന്നുള്ളത് ദുരൂഹമാണ്. നിങ്ങളിപ്പോൾ കരുതുന്നത് ഇങ്ങനെ എഴുതിച്ചേർത്തുകഴിഞ്ഞാൽ ഞങ്ങൾക്ക് എന്തോ അപകടം സംഭവിക്കുമെന്നാണ്. ഞങ്ങൾക്ക് യാതൊരു അപകടവുമില്ല. നിങ്ങളുടെ കൂട്ടത്തിലും കേസിൽ പ്രതിയായിട്ടുള്ള ആളുകൾ ഉണ്ടാകും. ഞങ്ങളുടെ കൂട്ടത്തിലും ഉണ്ടാകും. പല ആളുകൾക്കും എത്ര കേസിൽ പ്രതിയാണെന്ന് അറിഞ്ഞുകൂടാത്ത സംഭവങ്ങൾ ഉണ്ടാകും. ഞാൻ എത്ര കേസിൽ പ്രതിയാണെന്ന് ശരിക്കും എനിക്ക് അറിയില്ല. ഞാൻ കുറേ കേസിൽ പ്രതിയായിട്ടുണ്ട് എന്നാണ് എന്റെ തോന്നൽ. കാരണം പല സ്ഥലത്തുനിന്നും സമൻസ് വരുന്നുണ്ട്. അതിൽ എന്തെങ്കിലും ഒന്നു വിട്ടുപോയാൽ ഇത് അപൂർണ്ണമാണ്. കോടതിയിൽ സമൻസ് വന്നാൽ ഹാജരാകണം, പറ്റാത്ത ദിവസത്തിൽ വരുമ്പോൾ എന്തുചെയ്യും? അപ്പോൾ ആ സ്ഥിതിയിൽ അത്തരത്തിലുള്ള കേസുകളെ സംബന്ധിച്ചെല്ലാം പറയണമെന്നു പറഞ്ഞാലുള്ള ബുദ്ധിമുട്ട് ഇവിടെ ചൂണ്ടിക്കാണിക്കണ്ടേ.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: അങ്ങയുടെ മകനെ സംബന്ധിച്ച് എൺപതിലധികം കേസിൽ പരാതിയുണ്ടെന്ന് അദ്ദേഹത്തിന്റെ ഒരു സഹപ്രവർത്തക ഞാൻ പങ്കെടുത്ത ഒരു സംവാദത്തിൽ പറയുകയുണ്ടായി. അപ്പോൾ അങ്ങയുടെ മകന് എൺപതാണെങ്കിൽ അങ്ങേക്ക് ഒരു എണ്ണൂറെങ്കിലും ഉണ്ടെന്ന് വിചാരിക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അല്ല, എന്റെ മകൻ കേസിലൊക്കെ പ്രതിയായിരിക്കും. അതുകൊണ്ട് ഏതായാലും ഇലക്ഷനിൽ മൽസരിക്കുന്നില്ല. അതിന് സാവിത്രി ടീച്ചർ പേടിക്കേണ്ട, ടീച്ചർ പറയുന്നതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തിപരമായിട്ട് ഞാൻ പറയുകയില്ല. ടീച്ചർ അവിടെയും വ്യക്തിപരമായിട്ട് പറയേണ്ട കാര്യമില്ല. അപ്പുറത്തുള്ള ആളുകളുടെ മക്കളുടെ കാര്യം ഞാൻ ഇവിടെ പറയുന്നില്ല ഞാൻ ആ ഭാഗം വിടുകയാണ്. മകൻ കേസിലെ പ്രതിയാകുന്നതും പ്രതിയാകാത്തതും അല്ല ഇവിടുത്തെ പ്രശ്നം. എന്നെ സംബന്ധിച്ച് ഞാൻ പറയാം, ഞാൻ കേസിൽ പ്രതിയാണ്, ഞാൻ പല കേസുകളിലും പ്രതിയാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: ഞാൻ പിൻവലിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പിൻവലിക്കുകയൊന്നും വേണ്ട, അങ്ങനെ നിങ്ങളുടെ ഔദാര്യമൊന്നും നമുക്ക് ആവശ്യമില്ല.

മി. ചെയർമാൻ: എന്തിനാണ് ഒരു വ്യാഖ്യാനം, പ്ലീസ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ടീച്ചർക്ക് ഇങ്ങനെ കുട്ടികളെ കുത്തി നോവിക്കുന്നതിനാണ് താൽപ്പര്യം എന്നു തോന്നുന്നു. ചെറിയ കുട്ടികളെ ഇങ്ങനെ നോവിക്കുന്നത് ചെറുപ്പത്തിലേയുള്ള സ്വഭാവമാണെന്നു തോന്നുന്നു.

മി. ചെയർമാൻ: പിൻവലിച്ചതിനെപ്പറ്റി നോ ഫർദർ കമന്റ്സ് .....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: എന്തിനാണ് ഇങ്ങനെ ഒരു പ്രയോഗം നടത്തേണ്ട കാര്യം?

മി. ചെയർമാൻ: അത് പിൻവലിച്ചില്ലേ,

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നമ്മൾ രാഷ്ട്രീയക്കാരുടെ കാര്യം ചർച്ച ചെയ്യുമ്പോൾ മക്കളുടെ കാര്യം പറഞ്ഞിട്ട് ഈ പ്രശ്നം ഡൈവേർട്ട് ചെയ്യേണ്ട കാര്യമെന്താണ്? ഞാൻ ഇങ്ങനെയുള്ള കാര്യങ്ങൾ പറയുകയില്ല. അങ്ങനെയുള്ള ഒരു കാര്യവും ഇതുവരെ ഇവിടെ പറഞ്ഞിട്ടുമില്ല. പറയുകയും ഇല്ല.

Mr. Chairman: No further comments please, she has withdrawn it.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഞാൻ വിടാൻ തയ്യാറാണ്. പക്ഷെ ആ സ്വഭാവം ശരിയല്ല. എസ്.എഫ്.ഐ. ക്കാരാണെന്ന് കേൾക്കുമ്പോൾ ടീച്ചർക്ക് എന്തോ ഒരു അലർജി.

മി. ചെയർമാൻ: അല്ലല്ല ഒരു ഇതിനുവേണ്ടി പറഞ്ഞതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അല്ല, അത് നമുക്ക് കണ്ടാൽ മനസ്സിലാകുമല്ലോ.

മി. ചെയർമാൻ: ആർക്കെങ്കിലും ഉറക്കം വരുന്നുണ്ടെങ്കിൽ അത് ഒഴിവാക്കാൻ വേണ്ടിയിട്ട് .....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഉറക്കം പോകാനുള്ള വിദ്യ വേറെയുണ്ട്.

മി. ചെയർമാൻ: എന്തായാലും അത് പിൻവലിച്ചില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അതുകൊണ്ട് കേസിൽ പ്രതിയാക്കുന്ന പ്രശ്നം സംബന്ധിച്ച്, ആരും കേസിൽ പ്രതിയാകാം. ഏത് രാഷ്ട്രീയ നേതാവും കേസിൽ പ്രതിയാകാം. അപ്പോൾ ഈ കാര്യം സംബന്ധിച്ച് നമ്മൾ ഇങ്ങനെ ഇതിനകത്ത് എഴുതിവയ്ക്കുന്നത് സദുദ്ദേശപരമല്ല. ഇപ്പോൾ ഏതെങ്കിലും കേസിൽ പ്രതിയായിട്ടുണ്ടെങ്കിൽ അതിനെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് കൊടുക്കണമെന്നുള്ളതാണ് എന്റെ നിർദ്ദേശം, ശിക്ഷിക്കപ്പെട്ട കേസ് സംബന്ധിച്ച് കൊടുക്കണം. രണ്ട് വർഷത്തിൽ കൂടുതൽ ശിക്ഷിക്കപ്പെടാനുള്ള വകുപ്പുകൾ ചാർജ്ജ് ചെയ്തിട്ടുള്ള കേസും കൊടുക്കണം. അതല്ലാതെ എല്ലാ പെറ്റി കേസും കൊടുക്കണമെന്നു പറയുന്ന വിധത്തിൽ ഇതിനകത്ത് എഴുതിവയ്ക്കുന്നത് നന്നല്ല. അതുപോലെ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് കൃത്യമായി നടത്തണം, നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. വോട്ടേഴ്സ് ലിസ്റ്റ് പുതുക്കുന്ന പ്രക്രിയ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇവിടെ ആറു ജില്ലകളിലേക്ക് ഇലക്ഷൻ നടക്കാൻ പോകുന്നില്ല. അഞ്ച് ജില്ലാ പഞ്ചായത്തിൽ ഇലക്ഷൻ ഇപ്പോൾത്തന്നെ നോട്ടിഫൈ ചെയ്തിട്ടില്ല. മലപ്പുറത്തെ ഇലക്ഷൻ നടക്കാൻ പോകുന്നില്ല. ആറ് ജില്ലാ പഞ്ചായത്തിൽ ഇലക്ഷൻ നടക്കാൻ പോകുന്നില്ല എന്ന് ഇപ്പോൾത്തന്നെ വ്യക്തമായിക്കഴിഞ്ഞു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇപ്പോൾ വോട്ടേഴ്സ് ലിസ്റ്റ് പുതുക്കുന്ന പ്രക്രിയ നടക്കുകയാണ്. ചില സ്ഥലത്ത് വോട്ടേഴ്സ് ലിസ്റ്റ് പുതുക്കിവന്നപ്പോൾ ജനസംഖ്യയേക്കാൾ വോട്ടർമാരാണ് കൂടുതൽ. ജനസംഖ്യയുടെ 30 ശതമാനത്തോളം പ്രായപൂർത്തിയാകാത്തവർ എന്നാണ് കണക്ക്. പിന്നെ എങ്ങനെ ജനസംഖ്യയേക്കാൾ കൂടുതൽ വോട്ടർമാർ വന്നു? കല്ലൂർക്കാട്, കവളങ്ങാട്, വടവുകോട്, പുത്തൻകുരിശ് എന്നിവിടങ്ങളിൽ ജനസംഖ്യയേക്കാൾ കൂടുതലാണ് വോട്ടർമാർ. കല്ലൂർക്കാട് ജനസംഖ്യ 13082; വോട്ടർമാർ 13148. ആ പഞ്ചായത്തിൽ ഒറ്റ കുട്ടി പോലുമില്ല. എന്നിട്ടും 66 വോട്ടർമാർ അധികം വന്നു. കവളങ്ങാട് വോട്ടർമാർ 29059; ജനസംഖ്യ 29015. സർവ്വ ആളുകളേയും എങ്ങനെ വോട്ടർമാരാക്കി? വടവുകോട് പുത്തൻകുരിശിലെ ജനസംഖ്യ 26710; വോട്ടർമാർ 27381. വോട്ടർമാരെ ചേർക്കുന്ന കാര്യത്തിൽ എന്തോ കൃത്രിമം നടക്കുന്നുണ്ട്. ഇത് യഥാസമയം പരിശോധിച്ചുകൊണ്ടല്ല ചെയ്യുന്നത്. ഒന്നുകിൽ വേറെ പഞ്ചായത്തിലെ വോട്ടർമാർ ഇപ്പുറത്തെ പഞ്ചായത്തിൽ മാറ്റി ചേർക്കുന്നുണ്ട്. അല്ലെങ്കിൽ മറ്റു പ്രദേശങ്ങളിലുള്ള ആളുകളെ മാറ്റിചേർക്കുന്നുണ്ട്. വോട്ടേഴ്സ് ലിസ്റ്റിൽ വ്യാപകമായ കൃത്രിമം നടക്കുന്നുണ്ട്. ഇത് തടയാൻ കഴിയണം. ഇപ്പോൾ തദ്ദേശ സ്വയംഭരണ വകുപ്പ് കൈകാര്യം ചെയ്യുന്നത് മുസ്ലീം ലീഗാണെങ്കിലും ഈ മൂന്നു പഞ്ചായത്തുകളും മുസ്ലീം ലീഗിന്റേതല്ല. ആരോ ഇക്കാര്യത്തിൽ കളിക്കുന്നുണ്ട്. ഇങ്ങനെയൊക്കെ വന്നുകഴിഞ്ഞാൽ ഇലക്ഷന്റെ സ്ഥിതി എന്താകും? വോട്ടേഴ്സ് ലിസ്റ്റ് പുതുക്കുന്ന പ്രക്രിയ മുതൽ തന്നെ ഈ കൃത്രിമം നടന്നാൽ അവസാനം ഇലക്ഷൻ ആകുന്ന സമയത്ത് എന്ത് സംഭവിക്കും? അതുകൊണ്ട് സെപ്തംബർ മാസത്തിൽത്തന്നെ ഇലക്ഷൻ നടത്താൻ ക്രമീകരണങ്ങൾ നടത്തണം. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റിന്റെ കാലത്ത് 2000 സെപ്തംബർ മാസത്തിലാണ് ഇലക്ഷൻ നടന്നത്. ഫെബ്രുവരി

LIBRARY ARCHIVES Kerala Legislative Assembly

മാസത്തിൽത്തന്നെ എല്ലാ പ്രക്രിയകളും പൂർത്തീകരിച്ചു. ഇപ്പോൾ ഓഗസ്റ്റ് മാസമായിട്ടും നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടില്ല. അതുകൊണ്ട് സെപ്തംബർ മാസത്തിൽത്തന്നെ ഇലക്ഷൻ നടക്കുമോ എന്ന ആശങ്ക നിലനിൽക്കുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ ഇക്കാര്യങ്ങൾ എല്ലാം ശ്രദ്ധിച്ചുകൊണ്ടാവണം ഇലക്ഷൻ നടത്തേണ്ടത്. ഇതിന് മുമ്പ് കൈകാര്യം ചെയ്ത ബില്ലുകളെ ഞങ്ങൾ മൊത്തത്തിൽ എതിർക്കുന്നില്ല; ഈ ബില്ലിനെ ശക്തിയായി എതിർക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ ബഹുമാനപ്പെട്ട സ്പീക്കർ]

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക്ക് പ്രസന്റേഷൻ):* ഇതിൽ വളരെ ചെറിയ രണ്ട് അമെന്റ്മെന്റുകളേയുള്ളു. ഇത് വരാനുള്ള സാഹചര്യം സുപ്രീംകോടതി വിധി പ്രകാരം നമ്മുടെ സംസ്ഥാന ഇലക്ഷൻ കമ്മീഷനാണ് ഡയറക്ഷൻ കൊടുത്തത്. ഗവണ്മെന്റിന് ശുപാർശ വന്നു. സുപ്രീം കോടതിയുടെ പുതിയ വിധിയുടെ വെളിച്ചത്തിൽ ക്രിമിനൽ സ്വഭാവമുള്ള വ്യക്തികളെ ഒഴിവാക്കണമെന്നുള്ള നല്ല ഇന്റൻഷന്റെ പേരിലാണ് ഇത് കൊണ്ടുവന്നത്. അതുപോലെ രണ്ട് അമെന്റ്മെന്റേ ഉള്ളു. 108-ഉം 178-ഉം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഈ സഭയിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളതാണ്. പഞ്ചായത്ത് ഇലക്ഷൻ സമയത്തുതന്നെ നടക്കും. അതിനൊരു മാറ്റവും ഉണ്ടാകില്ല. ഇലക്ഷൻ കമ്മീഷന് അതിനാവശ്യമായ എല്ലാ സഹായങ്ങളും ഗവൺമെന്റ് ചെയ്തുകൊടുക്കുന്നുണ്ട്. വോട്ടേഴ്സ് ലിസ്റ്റ് പുതുക്കുന്നതിനുള്ള എന്ത് സഹായം ചോദിച്ചാലും ഇലക്ഷൻ കമ്മീഷന് ചെയ്തുകൊടുക്കാൻ തയ്യാറാണ്. ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നം സംബന്ധിച്ച് .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നം സംബന്ധിച്ച് .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ —30

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, പി. കെ. അബ്ദുറബ്ബ്
3. ,, സി. ടി. അഹമ്മദ് അലി
4. ,, ബാബു ദിവാകരൻ
5. ,, പി. കെ. കെ. ബാവ
6. ,, കെ. എ. ചന്ദ്രൻ
7. ,, ഡൊമിനിക് പ്രസന്റേഷൻ
8. ,, എം. എം. ഹസ്സൻ
9. ,, കെ. സി. ജോസഫ്
10. ,, ജോസഫ് എം. പുതുശ്ശേരി
11. ,, പി. ജെ. ജോയി
12. ,, ഉമ്മൻ ചാണ്ടി
13. ,, വി. ജെ. പൗലോസ്
14. ,, അടൂർ പ്രകാശ്
15. ,, ജി. പ്രതാപവർമ്മ തമ്പാൻ
16. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
17. ,, ടി. യു. രാധാകൃഷ്ണൻ
18. ,, പി. കെ. കുഞ്ഞാലിക്കുട്ടി
19. ,, സി. മമ്മൂട്ടി
20. ,, ഇ. ടി. മുഹമ്മദ് ബഷീർ
21. ,, ആര്യാടൻ മുഹമ്മദ്
22. ,, കെ. കെ. ഷാജു
23. ,, കടവൂർ ശിവദാസൻ
24. പ്രൊഫ. കെ. വി. തോമസ്
25. ശ്രീ. തമ്പാനൂർ രവി
26. ,, വി. ഡി. സതീശൻ
27. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
28. ശ്രീ. തോമസ് ചാഴികാടൻ
29. ,, എം. എ. വാഹീദ്
30. ,, കെ. സി. വേണുഗോപാൽ

GPM. 2/608/2012—43

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ —16

1. ശ്രീ. എ. എ. അസീസ്
2. ,, കോടിയേരി ബാലകൃഷ്ണൻ
3. ,, ബിനോയ് വിശ്വം
4. ,, വി. കെ. ചന്ദ്രൻ
5. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
6. ശ്രീ. എം. വി. ജയരാജൻ
7. ,, കോവൂർ കുഞ്ഞുമോൻ
8. ,, വി. കെ. സി. മമ്മത്കോയ
9. ,, മത്തായി ചാക്കോ
10. ,, എ. സി. മൊയ്തീൻ
11. ,, സി. കെ. നാണു
12. ,, കെ. രാധാകൃഷ്ണൻ
13. ,, കെ. പി. രാജേന്ദ്രൻ
14. ,, സാജു പോൾ
15. ,, കെ. പി. സതീശ് ചന്ദ്രൻ
16. ഡോ. തോമസ് ഐസക്

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ 30

പ്രതികൂലിക്കുന്നവർ 16

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, ഇന്നത്തേക്ക് ഷെഡ്യൂൾ ചെയ്തിരുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ശേഷിച്ച ബില്ലുകൾ, അതായത് 2003-ലെ കേരള പഞ്ചായത്ത്രാജ് (രണ്ടാം ഭേദഗതി) ബിൽ, 2004-ലെ കേരള പഞ്ചായത്ത്രാജ് (ഭേദഗതി) ബിൽ, 2005-ലെ കേരള പഞ്ചായത്ത്രാജ് (മൂന്നാം ഭേദഗതി) ബിൽ എന്നിവ ആഗസ്റ്റ് 10-ാം തീയതിയിലെ അജണ്ടയിൽ ഷെഡ്യൂൾ ചെയ്തിരിക്കുന്ന ബില്ലുകളുടെ കൂട്ടത്തിൽ കൂട്ടിച്ചേർക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അത് ആലോചിച്ച് ചെയ്യാം. കാരണം ഓർഡിനൻസ് ഏതായാലും സമയപരിധിക്കുള്ളിൽ പാസ്സാക്കണം. ഈ ബില്ലുകൾ ഇനി എന്ന് പരിഗണനയ്ക്കെടുക്കാം എന്നുള്ള കാര്യം നമുക്ക് ആലോചിക്കാം.

(ചർച്ച തുടരും)

അറിയിപ്പ്

'കില'യിൽവച്ചു നടത്തുന്ന വർക്ക്ഷോപ്പ്

മി. സ്പീക്കർ: 2005 ആഗസ്റ്റ് 7, 8 തീയതികളിൽ 'കില'യിൽവച്ച് എം.എൽ.എ-മാർക്ക് വർക്ക്ഷോപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട ലോകസഭാ സ്പീക്കർ, കേന്ദ്ര മന്ത്രി ശ്രീ. മണിശങ്കർ അയ്യർ, ത്രിപുര, പശ്ചിമ ബംഗാൾ, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽനിന്നുള്ള മന്ത്രിമാർ എന്നിവരും ഇതിൽ പങ്കെടുക്കുന്നുണ്ട്. എല്ലാ മെമ്പർമാരും 2005 ആഗസ്റ്റ് 7-ാം തീയതി കാലത്തുതന്നെ അവിടെ എത്തണം. അവിടെ എല്ലാ സൗകര്യങ്ങളും ചെയ്തിട്ടുണ്ട്. എല്ലാപേരും കിലയിൽ വരിക, സ്വാഗതം.

സഭ ഇപ്പോൾ പിരിയുന്നതും 2005 ആഗസ്റ്റ് മാസം 10-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 ആഗസ്റ്റ് മാസം 10-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.27-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly